പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 391** 11-07-2007-ൽ **മറുപടിക്ക്**

**നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.ടി.ജലീൽ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.എം.ഹംസ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (നാക്ക്) കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള അക്കാദമിക് പരിപാടികൾ, പദ്ധതികൾ എന്നിവയുടെ കാലാകാലങ്ങളിലുള്ള വിലയിരുത്തലും, അക്രഡിറ്റേഷനും ഏർപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗുണനിലവാരമുള്ള അദ്ധ്യാപനം, അദ്ധ്യയനം, ഗവേഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സാഹചര്യം വർദ്ധിപ്പിക്കുക; ഈ സ്ഥാപനങ്ങളുടെ സ്വയം വിലയിരുത്തൽ, അക്കൗണ്ടബിലിറ്റി, സ്വയംഭരണം , നൂതനമായ പരിപാടികൾ എന്നിവ പ്രോത്സാഹിപ്പിക്കുക, ഗുണമേന്മയുള്ള വിദ്യാഭ്യാസ നിലവാരവുമായി ബന്ധപ്പെട്ട ഗവേഷണപഠനങ്ങൾ, വിദഗ്ദ്ധസേവനം, പരിശീലന പരിപാടികൾ എന്നിവ ഏറ്റെടുക്കുക, ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം വിലയിരുത്തുന്നതിനും ഉയർത്തുന്നതിനും നിലനിർത്തുന്നതിനും ഉള്ള സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുക എന്നിവയാണ് നാക്കിന്റെ പ്രവർത്തനങ്ങൾ. |
| ബി) സംസ്ഥാനത്ത് 'നാക്കി' ന്റെ അക്രഡിറ്റേഷൻ എത്ര കോളേജുകൾക്ക് ലഭിച്ചിട്ടുണ്ട്; | ബി) 150 കോളേജുകൾ |
| സി) ഇതിൽ സർക്കാർ കോളേജുകൾ എത്ര; സ്വകാര്യ കോളേജുകൾ എത്ര; | സി) സർക്കാർ കോളേജുകൾ : 19<br>എയിഡഡ് കോളേജുകൾ : 129<br>അൺ എയിഡഡ് കോളേജുകൾ: 2<br>ഇവയ്ക്കു പുറമേ എം.ജി.യൂണിവേഴ്സിറ്റിക്കു കീഴിലുള്ള സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിനും നാക്ക് അക്രഡിറ്റേഷനുണ്ട്. |

| | |
|---|---|
| ഡി) അക്രഡിറ്റേഷൻ നൽകുന്നതിന് 'നാക്ക്' സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്; അക്രഡിറ്റേഷൻ ലഭിച്ച കോളേജുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | ഡി) പാഠ്യപദ്ധതി, അധ്യാപനവും പഠനവും വിലയിരുത്തലും, ഗവേഷണവും വിദഗ്ദ്ധ ഉപദേശവും വിപുലീകരണവും, ഭൗതികപഠന സൗകര്യങ്ങൾ, വിദ്യാർത്ഥികളുടെ പിന്തുണയും, അഭിവൃദ്ധിയും ഭരണനിർവഹണവും നേതൃത്വ പ്രവർത്തനങ്ങളും, നൂതനമായ സമ്പ്രദായങ്ങൾ എന്നീ മാനദണ്ഡങ്ങളനുസരിച്ചാണ് കോളേജുകളുടെ അക്രഡിറ്റേഷൻ നിശ്ചയിക്കുന്നത്. ഓരോ മാനദണ്ഡങ്ങൾക്കും 3 മുതൽ 6 വരെ പ്രധാന ഘടകങ്ങളെടുത്ത് വെയിറ്റേജ് നൽകി അതിന്റെ അടിസ്ഥാനത്തിലാണ് സ്കോർ നല്കുന്നത്.<br>നാക്ക് അക്രഡിറ്റേഷൻ ലഭിച്ച കോളേജുകൾക്ക് യു.ജി.സിയിൽ നിന്ന് പ്രത്യേക സാമ്പത്തിക സഹായത്തിന് മുൻതൂക്കം ലഭിക്കുന്നതു കൂടാതെ സെമിനാർ, ശില്പശാല മുതലായവ നടത്തുവാനുള്ള സാമ്പത്തിക സഹായവും ലഭിക്കുന്നു. |
| ഇ) എല്ലാ സർക്കാർ കോളേജുകൾക്കും 'നാക്കി' ന്റെ അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ? | ഇ) ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 392

11-7-2007- ൽ മറുപടിക്ക്

## മധ്യവേനലവധിക്കുപകരം ജൂൺ-ജൂലൈ മാസങ്ങളിൽ അവധി നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| (എ) ഇപ്പോൾ നിലനിൽക്കുന്ന മധ്യവേനൽ അവധി സമ്പ്രദായം എന്നാണ് ആരംഭിച്ചത്; ഇതിന്റെ അടിസ്ഥാനം എന്തെന്ന് രേഖകൾ സഹിതം വിശദമാക്കുമോ ; | (എ) കേരളവിദ്യാഭ്യാസ ചട്ടം അദ്ധ്യായം VII ചട്ടം 1 പ്രകാരം, പൊതുവിദ്യാഭ്യാസ ഡയറക്ടർ മറിച്ച് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുന്ന പക്ഷം, എല്ലാവർഷവും മാർച്ച് മാസത്തെ അവസാനത്തെ പ്രവൃത്തി ദിവസം മദ്ധ്യവേനലവധിയ്ക്കായി സ്കൂളുകൾ അടയ്ക്കുകയും ജൂൺമാസം ഒന്നാം തീയതി സ്കൂളുകൾ തുറക്കുകുയും ചെയ്യുന്നു. പ്രസ്തുത സമ്പ്രദായം 4/6/1971-ലെ സ.ഉ.(പി)68/71/ S.Edn. പ്രകാരമാണ് പ്രാബല്യത്തിൽ വന്നത്. ഇപ്രകാരം അവധി ക്രമീകരിക്കുവാനുള്ള കാരണം, ഏപ്രിൽ, മെയ് മാസങ്ങളിലെ കടുത്ത വേനലാണ് |
| (ബി) കാലവർഷം, പ്രകൃതിക്ഷോഭം എന്നിവ കണക്കിലെടുത്ത് വിദ്യാലയങ്ങൾക്ക് നൽകി വരുന്ന വേനലവധി മാറ്റി പകരം ജൂൺ-ജൂലൈ മാസങ്ങളിൽ അവധി നൽകി കുരുന്നു വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും ആശങ്കകൾ ദൂരീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ; | (ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) എൽ.കെ.ജി. യു.കെ.ജി. എൽ.പി., യു.പി. വിഭാഗം വിദ്യാർത്ഥികളുടെ ക്ലാസ് സമയം രാവിലെ 10മണി മുതൽ മാത്രമായിരിക്കണമെന്ന നിബന്ധന സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ കർശനമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) കേരളവിദ്യാഭ്യാസ ചട്ടം അദ്ധ്യായം VIII ചട്ടം 3 പ്രകാരം, രാവിലത്തെ സെഷനിലും ഉച്ചയ്ക്ക് ശേഷമുള്ള സെഷനിലുമായി ആകെ അഞ്ചു മണിക്കൂർ പ്രവൃത്തി സമയമാണ് സ്കൂളുകളിൽ നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് സാധാരണ 10മണിമുതൽ തന്നെയാണ് പഠനം ആരംഭിയ്ക്കുന്നത്. പത്തുമണിക്കു മുമ്പ് ക്ലാസ് തുടങ്ങുന്നത് തടയുന്നതിനായ് നടപടികളൊന്നും ഇപ്പോൾ ആലോചനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം: 393

11/07/2007-ൽ മറുപടിക്ക്.

## ഹാരിസൺ പ്ലാന്റേഷന്റെ പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി

**ചോദ്യം**

ശ്രീ.എം.എ.വാഹീദ്:

(എ) ഹാരിസൺ പ്ലാന്റേഷൻ കമ്പനി പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ വീതം ഭൂമി എവിടെയെല്ലാം കൈവശം വച്ചിട്ടുണ്ട്;

(ബി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത ഭൂമി തിരിച്ചെടുക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

**ഉത്തരം**

ശ്രീ.കെ.പി.രാജേന്ദ്രൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) യും (ബി)യും.

ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിക്ക് കൊല്ലം,പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ,വയനാട് എന്നീ ജില്ലകളിലായി 59623 ഏക്കർ ഭൂമി കൈവശത്തിലുണ്ട്. ഇതിൽ സർക്കാർ പാട്ടഭൂമിയും കമ്പനിയുടെ സ്വന്തം ഭൂമിയും മിച്ചഭൂമിയും വനഭൂമിയും ഉൾപ്പെടുന്നു. വനഭൂമിയെ സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങൾ ശേഖരിച്ചു വരുന്നതേയുള്ളു. കമ്പനി പാട്ടവ്യവസ്ഥകൾ ലംഘിക്കുന്നു എന്നും കമ്പനിയുടെ പാട്ടവ്യവസ്ഥയെ സംബന്ധിച്ചും പാട്ടഭൂമി വ്യാപകമായി കൈമാറ്റം ചെയ്യുന്നു എന്നും ഉള്ള ആരോപണങ്ങളുടെയും ഇതു സംബന്ധിച്ചുള്ള പത്രവാർത്തകളുടെയും അടിസ്ഥാനത്തിൽ ഹാരിസന്റെ കൈവശത്തിലുള്ള ഭൂമിയെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ എന്നിവരും മറ്റ് ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായി സർക്കാർ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന കാര്യങ്ങളാണ് കമ്മിറ്റിയുടെ അന്വേഷണ പരിധിയിൽ വരുന്നത്.

1) ) കമ്പനിക്ക് നല്കിയിട്ടുള്ള ഭൂമിയുടെ പാട്ടക്കാലാവധി/പാട്ടവ്യവസ്ഥകൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ

2)കമ്പനി പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോ, പാട്ടത്തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ, കമ്പനി നടത്തിയിട്ടുള്ള ഭൂമി കൈമാറ്റം

സാധുതയുള്ളതാണോ അല്ലെങ്കിൽ പാട്ടം റദ്ദ് ചെയ്യാവുന്നതാണോ?

3) കമ്പനിയുടെ കൈവശം 8783.96 ഏക്കർ മിച്ചഭൂമി വന്നതെങ്ങനെ?

4) റവന്യൂ/വനം/ മറ്റ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ?

5) റവന്യൂ ഉദ്യോഗസ്ഥരുടെ പങ്ക്

6) ഇതര വിഷയങ്ങൾ

കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്. ഹാരിസൺ മലയാളം കമ്പനിയുമായി ബന്ധപ്പെട്ട് വിവിധ കേസുകൾ കേരളാ ഹൈക്കോടതിയിൽ നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 394 11/7/2007 ൽ മറുപടിക്ക്

## 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ സെൻസസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.പി.വിശ്വൻ:<br>ശ്രീ.ആർ.സെൽവരാജ്:<br>ശ്രീമതി.പി.അയിഷാ പോറ്റി:<br>ശ്രീമതി.കെ.എസ്.സലീഖ | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 18 വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികളുടെയും സെൻസസ് എടുക്കുന്നുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (ബി) കേരളത്തിലെ 18 വയസ്സിനുതാഴെയുള്ള മുഴുവൻ കുട്ടികളുടെയും സമഗ്രമായ വിവരശേഖരണം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം, സമ്പൂർണ്ണ ആരോഗ്യം, മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും ഉറപ്പുവരുത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ കാനേഷുമാരി. നൂറുശതമാനം സ്കൂൾ പ്രവേശനം ഉറപ്പുവരുത്തുവാനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുതടയുവാനും ഇതു സഹായിക്കും. |
| (സി) കുട്ടികളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നത്; | (സി) കുട്ടികൾ താമസിക്കുന്ന ജില്ല, പഞ്ചായത്ത്, വാർഡ്, വീട്ടുനമ്പർ, രക്ഷിതാവിന്റെയും കുട്ടിയുടെയും പേര്, ജനനത്തീയതി, പഠിക്കുന്ന വിദ്യാലയം, ക്ലാസ്, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, ആൺ/പെൺ, മതം, മാതൃഭാഷ, പഠനമാധ്യമം, |

തുടർച്ച പുറം-2

| | |
|---|---|
| | സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയതും പ്രത്യേക പരിഗണന ആവശ്യമുള്ളവരുമായ കുട്ടികൾ, ദാരിദ്ര്യരേഖയ്ക്ക് മുകളിലാണോ താഴെയാണോ തുടങ്ങിയ വിവരങ്ങളാണ് ശേഖരിക്കുന്നത് |
| (ഡി) ഏതെല്ലാം ജില്ലകളിൽ സെൻസസ് പൂർത്തിയായി; ഇതിനുമുൻപ് എന്നെങ്കിലും കുട്ടികൾക്കു മാത്രമായി സെൻസസ് എടുത്തിട്ടുണ്ടോ; | (ഡി) കാനേഷുമാരിയുടെ പ്രധാനഘട്ടമായ വീടുകളിൽ നിന്നുള്ള വിവരശേഖരണം എല്ലാ ജില്ലകളിലും പൂർത്തിയായി. വിവരങ്ങൾ ക്രോഡീകരിക്കുന്ന പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു. ഇതിനു മുമ്പ് 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ മാത്രമായി കാനേഷുമാരി നടന്നിട്ടില്ല |
| (ഇ) സെൻസസ് റിപ്പോർട്ട് എന്ന് പ്രസിദ്ധീകരിക്കും എന്ന് അറിയിക്കുമോ? | (ഇ) കരട് റിപ്പോർട്ട് ആഗസ്റ്റ് അവസാനത്തോടുകൂടി പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 395

### 11.07.2007 - ൽ മറുപടിക്ക്

### ഹെൽത്ത് ക്ലിനിക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എം. എം. മോനായി<br>ശ്രീ. എ.എം. ആരീഫ് | | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) | സർക്കാർ ആശുപത്രികളോട് ചേർന്ന് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; | എ) | ഉദ്ദേശിക്കുന്നുണ്ട്. |
| ബി) | എങ്കിൽ ഈ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | ബി) | ആരോഗ്യ വകുപ്പിൻെറ അധീനതയിലുള്ള എല്ലാ പ്രൈമറി ഹെൽത്ത് സെൻററുകളിലും താലൂക്ക് ജില്ലാ ആശുപത്രികളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ സഹകരണ ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കാനുള്ള പദ്ധതിയുണ്ട്. രക്ത പരിശോധന, ഇ.സി.ജി. എക്സ്റേ-സ്കാനിംഗ് തുടങ്ങിയ പരിശോധനകൾ ബി.പി.എൽ. വിഭാഗത്തിന് സൗജന്യനിരക്കിലും, എ.പി.എൽ.വിഭാഗത്തിന് ചുരുങ്ങിയ ചെലവിലും നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | താഴ്ന്ന വരുമാനക്കാർക്ക് ഇവിടെ സൗജന്യ ചികിത്സ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) | താഴ്ന്ന വരുമാനക്കാർക്ക് (ദാരിദ്ര്യ രേഖയിൽ താഴെയുള്ളവർക്ക്) ഇവിടെ സൗജന്യ ചികിത്സ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) | ആദ്യ ഘട്ടത്തിൽ എത്ര ക്ലിനിക്കുകൾ ആണ് ആരംഭിക്കുന്നത്; | ഡി) & ഇ) | ഇതു ആരോഗ്യ വകുപ്പ് നിശ്ചയിച്ചു നൽകുന്നതനുസരിച്ച് അതാത് സഹകരണ സംഘം തീരുമാനിക്കുന്നതാണ്. |
| ഇ) | ഇവിടേയ്ക്ക് ആവശ്യമായ ജീവനക്കാരെ എങ്ങനെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 396 11.07.2007-ൽ മറുപടിയ്ക്ക്

## ബധിര-മൂക വിദ്യാർത്ഥികളുടെ ഉപരിപഠന സൗകര്യങ്ങൾ

**ചോദ്യം** **ഉത്തരം**

ശ്രീ. ടി.പി. കുഞ്ഞുണ്ണി
ശ്രീ. എ.സി. മൊയ്തീൻ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി

ശ്രീ. എം.എ. ബേബി,
വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി

| | |
|---|---|
| എ) ബധിര-മൂക വിദ്യാർത്ഥികളുടെ പഠനത്തിനായി സ്കൂൾ തലത്തിൽ നിലവിലുള്ള സംവിധാനം എന്താണ്; | എ) ബധിര-മൂക വിദ്യാർത്ഥികൾക്ക് മാത്രമായി സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഹയർ സെക്കന്ററി തലത്തിൽ ഹ്യൂമാനിറ്റീസ്, കോമേഴ്സ്, സയൻസ് കോമ്പിനേഷനുകൾ ഉള്ള 7 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവർക്കായി ഹ്യൂമാനിറ്റീസ് വിഭാഗത്തിൽ 100 ഉം കോമേഴ്സ് വിഭാഗത്തിൽ 250 സീറ്റുകൾ സയൻസ് വിഭാഗത്തിൽ 350-ഉം സീറ്റുകൾ നിലവിലുണ്ട്.<br>വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖലയിൽ രണ്ടും എയ്ഡഡ് മേഖലയിൽ രണ്ടും സ്കൂളുകൾ ബധിരർക്കായി പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ ആകെ 325 സീറ്റുകൾ നിലവിലുണ്ട്. |
| ബി) പ്ലസ്ടു പരീക്ഷ പാസ്സായ ബധിര-മൂക വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് നിലവിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ; | ബി) വികലാംഗ സംരക്ഷണ നിയമം 1995 (തുല്യ അവസരത്തിനും അവകാശ സംരക്ഷണത്തിനും പൂർണ്ണ പങ്കാളിത്തത്തിനും) -ലെ സെക്ഷൻ 39 പ്രകാരം സർക്കാർ ഉടമസ്ഥതയിലുള്ളതും ഗ്രാന്റ് ലഭിക്കുന്നതുമായ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബധിര-മൂക വിദ്യാർത്ഥികൾക്ക് 3% സംവരണം അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഗ്രാന്റോട് കൂടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ബധിരരായ കുട്ടികൾക്ക് |

S-396



| | |
|---|---|
| | ഡിപ്ലോമ ഇൻ സോഫ്റ്റ് വെയർ സിസ്റ്റംസ് എന്ന കോഴ്സിൽ 3 വർഷ പരിശീലനം നൽകി വരുന്നുണ്ട്. സ്വാശ്രയ മേഖലയിൽ കോഴിക്കോട് പ്രവർത്തിക്കുന്ന എ.ഡബ്ള്യു.എച്ച് കോളേജ് ഓഫ് എഡ്യൂക്കേഷനിൽ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഹിയറിംഗ് ഇംപയേർഡ്) ഡിഗ്രി കോഴ്സിന് 25 വിദ്യാർത്ഥികൾക്ക് പ്രതിവർഷം പ്രവേശനം നൽകുന്നുണ്ട്. |
| സി) ഈ വർഷം എത്ര ബധിര-മൂക വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുണ്ട്; ഇവർക്ക് പ്ലസ്സു കോഴ്സിന് എത്ര സീറ്റുകളാണ് അനുവദിച്ചിട്ടുള്ളത്; | സി)2007 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ പുതിയ സ്കീമിൽ 369 പേരും പഴയ സ്കീമിൽ 22 പേരും ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. ബധിര-മൂക വിദ്യാർത്ഥികൾക്ക് +2 പ്രവേശനത്തിന് 700 സീറ്റുകൾ നിലവിലുണ്ട്. |
| ഡി) ബധിരർക്കുവേണ്ടി പോളിടെക്നിക്ക് ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ ? | ഡി) സാമ്പത്തിക ബാദ്ധ്യതയുള്ളതിനാലും നയപരമായ തീരുമാനമായതിനാലും ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.<br><br>സെക്ഷൻ ഓഫീസർ |

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം
നമ്പർ : 397

11.07.2007 ൽ
മറുപടിക്ക്

### കയർ മേഖലയുടെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. ബി.രാഘവൻ<br>ശ്രീ. എം.കെ.പുരുഷോത്തമൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കയർ മേഖലയുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കയർ മേഖലയുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു. |
| (ബി) ഇതിനായി സുനാമി ഫണ്ടിൽ നിന്നും തുക ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) കയർഫെഡ് വഴി സുനാമി ബാധിത മേഖലയിൽ Alternative Income Generation ന് വേണ്ടിയുള്ള 7.25 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതുൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |
| (സി) കയർ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ; | (സി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുനരുദ്ധാരണ പദ്ധതി കഴിഞ്ഞ വർഷം ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. ജിഒ(എംഎസ്) നം. 126/06/ID തീയതി, 19.12.06 സംഘങ്ങളെ ശക്തിപ്പെടുത്തുന്ന ഈ പദ്ധതി പ്രകാരം താഴെ ചേർത്തിരിക്കുന്ന വിഭാഗങ്ങ |

ളിൽപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് അവയ്ക്ക് നേരെ ചേർത്തിരിക്കുന്ന തുക (പരമാവധി) സ്ഥിര മൂലധനമായും പ്രവർത്തന മൂലധനമായും ലഭി ക്കും.

| സംഘങ്ങൾ | സ്ഥിരമൂലധനം (ലക്ഷം) | പ്രവത്തന മൂലധനം (ലക്ഷം) |
|---|---|---|
| 1. പ്രാഥമിക സഹകരണ സംഘങ്ങൾ | 2.50 | 5.00 |
| 2. മാററ്സ് & മാററിംഗ്സ് സംഘങ്ങൾ | 5.00 | 7.50 |
| 3. ചെറുകിട കയർ ഉല്പന്ന ഉല്പാദക സംഘങ്ങൾ | 2.50 | 5.00 |
| 4.ഡീഫൈബറിംഗ് സംഘങ്ങൾ | 2.00 | 5.00 |

സംഘം ഭാരവാഹികൾ ഈ തുക ഉപയോഗിച്ച് രണ്ടു വർഷത്തിനകം സംഘത്തെ പുനരുദ്ധരിച്ച് നല്ല നിലയിൽ കൊണ്ടു വരണം.

ഈ പദ്ധതി പ്രകാരം 430 വിവിധ കയർ സഹകരണ സംഘങ്ങൾക്കായി 1982.70 ലക്ഷം രൂപ മാർച്ച് 2007-ൽ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഈ വർഷം കൂടുതൽ ധന സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ നൽകിവരുന്ന പദ്ധതി വിഹിതം മുൻ സർക്കാർ നിർത്തിവച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്

(ഡി) ഉണ്ട്. അതിന്റെയടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, 18.5.2007 - ൽ വിളിച്ചു ചേർത്ത യോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ കയർ സഹകരണ സംഘങ്ങൾക്ക് താഴെ ചേർക്കുന്ന ആവശ്യങ്ങൾക്കു കൂടി പഞ്ചായത്തുകളെ ധനസഹായം നൽകാൻ അനുവദിക്കണമെന്ന് കയർ വികസന ഡയറക്ടർ

| | |
|---|---|
| പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | തദ്ദേശ സ്വയം ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>1. കയർ സഹകരണ സംഘങ്ങൾക്ക് ഫാക്ടറി സ്ഥാപിക്കാനുള്ള സ്ഥലമോ സ്ഥലം വാങ്ങാനുള്ള ധനസഹായമോ.<br>2. കയർ സഹകരണ സംഘങ്ങളുടെ നിലവിലുള്ള ഫാക്ടറിഷെഡ്, ഗോഡൗൺ, തറികൾ എന്നിവയുടെ നവീകരണത്തിനോ പുതുതായി സ്ഥാപിക്കാനോ ആവശ്യമുള്ള ധനസഹായം.<br>3. കയർ മാററ്സ് & മാററിംഗ്സ് സഹകരണ സംഘങ്ങൾ ഡീഫൈബറിംഗ് മില്ലുകൾ എന്നിവയിൽ Pollution Treatment Plant കൾ സ്ഥാപിക്കാനുള്ള ധനസഹായം.<br><br>സെക്ഷൻ ആഫീസർ |

അനുബന്ധം-1

* കയർ വ്യവസായ സഹകരണ സംഘങ്ങൾ സർക്കാരിനും എൻ.സി.ഡി.സി.-യ്ക്കും നൽകാനുള്ള കടബാദ്ധ്യത ഓഹരി മൂലധനമാക്കി മാറ്റി സംഘങ്ങളുടെ ധനസമാഹരണ പ്രാപ്തി വർദ്ധിപ്പിച്ച് സംഘങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതാണ്.
* കയർ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി one time settlement നടത്തുന്നതിനുള്ള നടപടി എടുത്തുവരുന്നുണ്ട്.
* കയർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു നൂതന പുനരുദ്ധാരണ പദ്ധതി കഴിഞ്ഞ വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. സംഘങ്ങളെ ശക്തിപ്പെടുത്തുന്ന പദ്ധതി പ്രകാരം 430 കയർ സഹകരണ സംഘങ്ങൾക്കായി 1982.70 ലക്ഷം രൂപ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയ്ക്കുവേണ്ടി ഈ വർഷം കൂടുതൽ ധനസഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.
* കയറിനും, കയറുല്പന്നങ്ങൾക്കും ശരിയായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടേയും ഡിപ്പോകളുടേയും ചൂഷണത്തിൽ നിന്നും കയർ മേഖലയെ രക്ഷപ്പെടുത്തുന്നതിനുമായി ചെറുകിട ഉല്പാദകരെയും സഹകരണ സംഘങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് Purchase Price Enforcement Scheme നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി കയറും കയറുല്പന്നങ്ങളും കേരളാ കയർ കോർപ്പറേഷൻ വഴിയും കയർഫെഡുവഴിയും ന്യായവിലയ്ക്ക് സംഭരിക്കുകയും ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യും. സ്വകാര്യ കയറ്റുമതിക്കാർ അവർക്കാവശ്യമായി വരുന്ന കയറ്റുമതിയ്ക്കുള്ള കയറുല്പന്നങ്ങൾ ഈ സംഭരണകേന്ദ്രങ്ങളിൽ നിന്നും വാങ്ങണമെന്ന് നിഷ്കർഷിക്കും. തൊഴിലാളികൾക്ക് അർഹമായ കൂലി നൽകി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളേ സംഭരിക്കുകയുള്ളൂ. ഇത് ഈ മേഖലയിലെ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും.
* തൊണ്ട് ശാസ്ത്രീയമായി സംഭരിക്കുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കും. ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തു വരുന്നു. ഇത് ചകിരി ക്ഷാമം പരിഹരിക്കാനുതകും.
* കയർ മേഖലയിലെ ഗവേഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് കുടപ്പനക്കുന്നിൽ നിർമ്മാണത്തിലിരിയ്ക്കുന്ന ദേശീയ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NCRMI) നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും. കയർ മേഖലയിൽ നൂതന ഉല്പ്പന്നങ്ങൾ ഉല്പ്പാദിപ്പിക്കുന്നതിനും പുതിയ യന്ത്ര സാമഗ്രികൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.
* ആധുനിക രീതിയിൽ ഉല്പാദന ശേഷിയുള്ള കയർ ഫാക്ടറികൾ സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതാണ്. ചകിരിയും ജൂട്ടും നിശ്ചിത അനുപാതത്തിൽ ചേർത്ത് യാൺ ഉണ്ടാക്കുന്ന ഫാക്ടറിയും കയർ മാറ്റിംഗ്

കൊണ്ട് Coir Composite Board നിർമ്മിക്കുന്ന ഫാക്ടറിയും സ്ഥാപിക്കുന്നതിന് നടപടിയെടുത്തു വരുന്നു.

- കയർഫെഡ് പുന:സംഘടിപ്പിച്ച് ലാഭകരമാക്കി പ്രവർത്തിപ്പിക്കാൻ സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. കയർഫെഡുമായി രജിസ്റ്റർചെയ്തിട്ടുള്ള സംഘങ്ങൾക്ക് കൂടുതൽ ഉല്പാദനം നടത്തുന്നതിന് അതുവഴി തൊഴിലവസരം സൃഷ്ടിക്കുന്നതിനും സാധിക്കും.
- കയർ ഭൂവസ്ത്ര വികസന പദ്ധതിയ്ക്ക് പ്രത്യേക ഊന്നൽ നൽകും. Geo-textiles Development Programme ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജിയൊടെക്സ്റ്റയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും PWD Manual-ൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും.
- ഇവ കൂടാതെ Market Development Assistance, Production & Marketing Incentive, Assistance for setting up of Common Facility Service Centre തുടങ്ങി 11-ാം പഞ്ചവത്സര പദ്ധതിയിലെ സ്കീമുകളും അടുത്ത വർഷം നടപ്പിലാക്കി തുടങ്ങും.
- കേന്ദ്രാവിഷ്കൃത പദ്ധതിയായ Regeneration of Traditional Industries വഴിയായി 4 ക്ലസ്റ്ററുകൾ ചിറയിൻകീഴ്, മങ്ങാട്, വൈക്കം, ബേപ്പൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കും.
- ആവശ്യമായ ഘട്ടങ്ങളിൽ വിപണിയിൽ സർക്കാരിന്റെ ഇടപെടൽ ഉറപ്പുവരുത്തും. കഴിഞ്ഞ വർഷം ഡിസ്ട്രസ്സ് പർച്ചേയ്സ് പദ്ധതിയുടെ നടത്തിപ്പിലൂടെ 860.51 ലക്ഷം രൂപയുടെ കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിച്ച് കയർമേഖലയെ സംരക്ഷിക്കാൻ സർക്കാർ നടപടി എടുത്തിരുന്നു.
- കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണി മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തെ പ്രധാന നഗരങ്ങളിൽ വ്യാപാരമേളകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ ദൂരദർശൻ, ആകാശവാണി, പ്രധാന പത്രങ്ങൾ, മാസികകൾ തുടങ്ങിയവ വഴി നടത്തുന്ന പരസ്യചെലവിന്റെ 50% തുക ഗ്രാന്റായി സർക്കാർ, കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നിവയ്ക്ക് നൽകിവരുന്നു.
- കേരളത്തിലെ കയറിനും കയറുൽപ്പന്നങ്ങൾക്കും ഒരു ബ്രാന്റ് ഇമേജ് ഉണ്ടാക്കുന്നതിന് നടപടികൾ എടുത്തുവരുന്നുണ്ട്. ഇതിനായി 40 ലക്ഷം രൂപ NCRMI യ്ക്ക് നൽകിയിട്ടുണ്ട്. 2007 ജനുവരി 26 ന് Kerala Coir "Golden Yarn of God's Own Country" എന്ന Logo ഔപചാരികമായി പുറത്തിറക്കിയിരുന്നു. കയറുല്പന്ന രംഗത്തെ ഉല്പാദകർക്ക് ഗുണമേന്മ ചിഹ്നമായി logo ഉപയോഗിക്കാനും അവരുടെ ഉല്പന്നങ്ങളുടെ ഗുണമേന്മ സർട്ടിഫൈ ചെയ്യാനും NCRMI യെ ചുമതലപ്പെടുത്തുന്ന കാര്യത്തിന് നടപടിയെടുത്തു വരുന്നുണ്ട്. കയറുല്പന്നങ്ങൾക്ക് Brand നല്കുന്നത് വിപണനത്തെ പ്രോത്സാഹിപ്പിക്കും

- കയർ മേഖലയുടെ സമഗ്രമായ പുന:സംഘടനത്തിനെ സംബന്ധിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മീഷനെ ഗവൺമെന്റ് നിയോഗിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:398 11.07.2007-ൽ മറുപടിക്ക്

എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകൾ ലാമിനേറ്റു ചെയ്യരുതെന്ന നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.കെ.രാജു | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പുമന്ത്രി |
| എ) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകൾ ലാമിനേറ്റു ചെയ്യരുതെന്ന നിയമം പ്രാബല്യത്തിലുണ്ടോ; | എ) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| ബി) ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് സർട്ടിഫിക്കറ്റുകൾ ലാമിനേറ്റു ചെയ്തവരുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനമുണ്ടോ; എങ്കിൽ ഈ പ്രശ്നത്തിൽ എന്തു ബദൽ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ഉണ്ട്. ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുകയാണെങ്കിൽ ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| സി) ലാമിനേറ്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ ഉപയോഗയോഗ്യമല്ലാതായതായി പരാതികൾ ലഭിച്ചിട്ടുണ്ടോ? | സി) ഉണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 399 | 11-07-2007 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം:<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:<br>ശ്രീ.കെ.ബാബു :<br>ശ്രീ.വി.ഡി.സതീശൻ : | ഉത്തരം<br>ശ്രീ. എം.വിജയകുമാർ<br>നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും<br>യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി |
|---|---|
| (എ). കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നടത്തിപ്പിനായി ഏതെങ്കിലും സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) . ഇല്ല. |
| (ബി). ഇതിനായി ഏതെങ്കിലും കമ്പനിയുമായി സർക്കാർ തല ചർച്ച നടന്നിരുന്നോ ; | (ബി). ഇല്ല. |
| (സി) ബി.ഒ.റ്റി വ്യവസ്ഥയിൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന മുൻതീരുമാനത്തിന് വിരുദ്ധമായി പുതിയ വ്യവസ്ഥ അംഗീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (സി). ഇല്ല. |
| (ഡി). ഈ പദ്ധതിയുടെ നടത്തിപ്പിനായി ഏത് സ്ഥാപനത്തെയാണ് കൺസൾട്ടന്റായി നിയമിച്ചിട്ടുള്ളത് ; | (ഡി). ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷനെയാണ് കൺസൾട്ടന്റായി നിയമിച്ചിട്ടുള്ളത് |
| (ഇ). പ്രസ്തുത പദ്ധതി സംബന്ധിച്ച പഠന റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ ; | (ഇ). ഉണ്ട്. |
| (എഫ്). പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തുക ചെലവു വരുമെന്നാണ് കണക്കാക്കുന്നത് ; | (എഫ്). ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടനുസരിച്ച് 2239 കോടി രൂപ ചെലവുവരും |
| (ജി). പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ? | (ജി). പദ്ധതി പ്രാരംഭദശയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 400 | 11-07-2007-ൽ മറുപടിയ്ക്ക്

## സ്പോർട്ട്സ് താരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി

ചോദ്യം

ശ്രീ.മുരളി പെരുനെല്ലി:
ശ്രീ.എം.ചന്ദ്രൻ:
ശ്രീ.കെ.കെ.ദിവാകരൻ:
ശ്രീ.പി.ജയരാജൻ:
ശ്രീ.സി.എച്ച്.കുഞ്ഞമ്പു:

(എ)

കേരളത്തിലെ സ്പോർട്ട്സ് താരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്ന കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി)
ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് സ്പോർട്ട്സ് ക്വോട്ടായിൽ നിയമനം നൽകുന്നത്;

(സി)
എത്ര സ്ഥാപനങ്ങളിൽ സ്പോർട്ട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്;

(ഡി)
സംസ്ഥാനത്തെ പ്രമുഖ സ്പോർട്ട്സ് താരങ്ങൾ മറ്റു സംസ്ഥാനങ്ങളിലെ പ്രമുഖ ടീമുകളിലേക്ക് മാറിപ്പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ കായിക താരങ്ങളെ കേരളത്തിൽ തന്നെ നിലനിറുത്താൻ പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ), (ബി) & (സി)

കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിൽ മികച്ച കായിക ടീമുകൾ ഉണ്ടായിരുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഈ ടീമുകൾ പിരിച്ചു വിടുകയോ, പ്രവർത്തനം നിലച്ച അവസ്ഥയിലോ ആയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി, കെ.എസ്.ആർ.ടി.സി; കെ.എസ്.ഇ.ബി, ടൈറ്റാനിയം തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ടീമുകൾ പുന:രാരംഭിച്ചിട്ടുണ്ട്.

(ഡി)
ഉണ്ട്. നടപടികൾ എടുത്തു വരുന്നു.

S. Malathy
സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 401

11.07.2007 ൽ മറുപടിക്ക്

### കയർ ജിയോടെക്സ്റ്റൈലിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. പ്രകാശൻ മാസ്ററർ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. എം.കെ.പുരുഷോത്തമൻ<br>ശ്രീ. ബി.രാഘവൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി ) |
| (എ) കയർ ജിയോടെക്സ്റ്റൈലിന്റെ സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിന്റെ വികസനത്തിനായി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളുടെ പുരോഗതി വിശദീകരിക്കുമോ; | (ബി) കയർ ജിയോടെക്സ്ററയിൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും എല്ലാ വർഷവും കയർ വികസന വകുപ്പിന്റെ ബഡ്ജററിൽ തുക നീക്കി വയ്ക്കുന്നുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് ജിയോടെക്സ്ററയിൽസ് വിഭാഗത്തിൽ ഗവേഷണങ്ങൾ നടത്തി വരുന്നുണ്ട്. ഇങ്ങനെയുള്ള ഗവേഷണപഠനങ്ങൾക്ക് അംഗീകാരം നൽകാൻ State Advisory Committee for R&D, NCRMI യിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുവരെ സർക്കാർ സ്ഥാപനങ്ങൾ വഴിയായി നടപ്പിലാക്കിയിട്ടുള്ള ജിയോ ടെക്സ്ററയിൽസ് പദ്ധതികളുടെ പേരു വിവരം അനുബന്ധം I- ൽ കൊടുക്കുന്നു. |

| | |
|---|---|
| | കയർ ജിയോ ടെക്സ്റ്റയിൽസിനെക്കുറിച്ച് ഒരു റഫറൻസ് ഗ്രന്ഥം NCRMI പ്രസിദ്ധീകരിച്ചിട്ടുണ്ട്. കയർ ജിയോടെക്സ്റ്റയിൽസ് നിർമ്മിക്കാനുള്ള ഒരു Full Automatic Loom-ഉം അനുബന്ധ ഉപകരണങ്ങളും പെരുമൺ കയർ പാർക്കിൽ സ്ഥാപിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ വിവിധ സർക്കിളുകളിൽപ്പെട്ട 175 കയർ തൊഴിലാളികൾക്ക് പെരുമൺ കയർ പാർക്കിൽ സ്ഥാപിച്ചിട്ടുള്ള അനുഗ്രഹ ലൂമിൽ ജിയോടെക്സ്റ്റയിൽ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. കയർ ജിയോടെക്സ്റ്റയിൽസിന്റെ പ്രായോഗിക ഉപയോഗങ്ങളെക്കുറിച്ച് കയർ തൊഴിലാളികൾക്ക് മനസ്സിലാക്കാനും കയർ ജിയോടെക്സ്റ്റയിൽസ് നിർമ്മിക്കുന്നതു വഴി വരുമാനമാർഗ്ഗം കണ്ടെത്തുന്നതിനും ഈ പരിശീലനം കൊണ്ട് ഉപകരിക്കും.<br>ജിയോ ടെക്സ്റ്റയിൽസ് ഒരു Building Material ആയി അംഗീകരിക്കുന്നതിനും PWD മാനുവലിൽ ഉൾപ്പെടുത്തുന്നതിനും ഉള്ള നടപടി സ്വീകരിച്ചു വരുന്നു. PWD മാനുവലിൽ ഉൾപ്പെടുത്തി കഴിഞ്ഞാൽ ജിയോ ടെക്സ്റ്റയിൽസിന് മാർക്കറ്റിൽ നല്ല demand ഉണ്ടാക്കാൻ കഴിയും. |
| (സി) കയർ ജിയോ ടെക്സ്റ്റൈലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (സി) കയർ ജിയോടെക്സ്റ്റയിൽസ് പ്രോജക്ട് നടത്തിപ്പിന് ആവശ്യമായ പ്രായോഗിക പരിശീലനം നേടിയ വിദഗ്ദ്ധരുടെ അഭാവം കണക്കിലെടുത്ത് പൊതുമേഖല സ്ഥാപനങ്ങളിലെയും NCRMI -ലെയും കയർ വികസന വകുപ്പിലെയും ഉദ്യോഗസ്ഥർക്ക് കയർ ബോർഡുമായി ചേർന്ന് പരിശീലനം നൽകുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കയർ ജിയോടെക്സ്റ്റയിൽസിന്റെ ഫലപ്രദമായ ഉപയോഗത്തിലൂടെ അതിന്റെ ഉപഭോഗ വർദ്ധനവാണ് ഈ പരിശീലനം കൊണ്ടുദ്ദേശിക്കുന്നത്. |

ഗവേഷണ ആവശ്യങ്ങൾക്കായി Non-woven Geotextiles ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിലവിലുള്ള ഒരു Non-woven Geotextiles Plant ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുവാൻ (Geotextiles നിർമ്മിക്കാൻ ) NCRMI ഉദ്ദേശിക്കു ന്നുണ്ട്.

പ്രകൃതിക്ക് വളരെ ഇണങ്ങുന്നതാണ് കയർ ജിയോടെക്സ്റ്റയിൽസിന്റെ ഉപയോഗം. അതി നാൽ ഇതേപ്പററി അവബോധം സൃഷ്ടിക്കാനും നടപടികൾ എടുക്കുന്നുണ്ട്. Local Bodies-മായി ചേർന്നുകൊണ്ട് 50% സബ്സിഡിയോടു കൂടി ജിയോടെക്സ്റ്റയിൽ പ്രോജക്ടുകൾ നടപ്പാക്കാനും ധനസഹായം ലഭ്യമാക്കുന്നുണ്ട്.

കൂടാതെ വിദേശ രാജ്യങ്ങളിലേയ്ക്ക് ജിയോ ടെക്സ്റ്റയിൽസ് കയർഫെഡ് വഴി കയററി അയയ്ക്കുന്നതിനുള്ള പരിപാടികളും ആസൂ ത്രണം ചെയ്തു വരുന്നു.

(ഒപ്പ്)

സെക്ഷൻ ആഫീസർ

അനുബന്ധം - 1

<u>വിവിധ വകുപ്പുകൾ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയ ജിയോടെക്സ്റ്റൈൽസ് പദ്ധതികൾ (കയർഫെഡ്, കയർ കോർപ്പറേഷൻ, NCRMI)</u>

1. Road construction using geotextiles in Kerala State Coir Corporation premises
2. Accoustical design of Sreemoolanagaram Panchayat Auditorium.
3. Embankment slop protection work, IIM Calicut
4. Reconstruction of Killminichira Bund
5. അട്ടപ്പാടിയിൽ മണ്ണൊലിപ്പ് സംരക്ഷണ പദ്ധതി
6. കൈനകരിയിലെ ഗ്രാമപഞ്ചായത്ത് റോഡു നിർമ്മാണം
7. ആലപ്പുഴ ജില്ലയിൽ കഞ്ഞിക്കുഴിയിൽ 5 കുളങ്ങളുടെ പാർശ്വ നിർമ്മാണം
8. വിളപ്പിൽശാലയിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതി
9. മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്കിൽ ബണ്ട് നിർമ്മാണം
10. കോഴിക്കോട് ജില്ലയിൽ നൊച്ചാട്, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുകളിൽ സ്ട്രീമുകളുടെ പാർശ്വ നിർമ്മാണം
11. പട്ടാമ്പി ഗ്രാമപഞ്ചായത്തിൽ [illegible] കുറുകെ [illegible] നിർമ്മാണം
12. ഇടുക്കി ജില്ലയിൽ വാട്ടർ ഷെഡ് മാനേജ്മെന്റിന്റെ പദ്ധതി
13. എറണാകുളത്ത് മറൈൻ ഡ്രൈവ് ഭിത്തികളുടെ സംരക്ഷണത്തിന് ഡെമോൺസ്ട്രേഷൻ പ്രോജക്ട്
14. [illegible] ഉപ്പളങ്ങളിലും [illegible] (ചെമ്മീൻ കെട്ടുകൾ, [illegible]) എന്നിവയുടെ പാർശ്വ സംരക്ഷണ പദ്ധതികൾ.
15. കോഴിക്കോട്ടുള്ള Indian Institute of Management- ലെ [illegible] റോഡ് നിർമ്മാണ പദ്ധതിയും കയർഫെഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്.

<u>നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജിയോടെക്സ്റ്റൈൽസ് പദ്ധതികൾ</u>

1. Application of Coir Geotextiles in Road Pavement
2. Use of Coir fabric for recharge of ground water
3. Modernisation of Coir for the manufacture of Geotextiles for Engineering use
4. Construction of farm road at Vellathod Pullikkanam and Changaram, Cherungal Padasekharam South Bund
5. Standarlisation of engineering properties and providing technical data for Techno-marketing of Coir Geotextiles
6. തുറവൂരിൽ 1 1/2കി.മി നീളമുള്ള ജിയോടെക്സ്റ്റൈൽ ഉപയോഗിച്ചുള്ള ഫാം റോഡിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ([illegible] നേതൃത്വത്തിൽ)
7. കോഴിക്കോട് കോർപ്പറേഷന്റെ solid waste management -ന് കയർ ജിയോടെക്സ്റ്റൈൽ ഉപയോഗിക്കാൻ കയർഫെഡ് വഴിയായി ഒരു pilot Project പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നം. 402 — 11.07.2007 ൽ മറുപടിക്ക്.

പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി. |

(എ) സംസ്ഥാനത്തെ പുരാവസ്തു വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(എ) 1968-ലെപുരാവസ്തു സംരക്ഷണ നിയമമനുസരിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും ശാസ്ത്രീയ പര്യവേഷണം നടത്തുകയും അതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ ഉദ്ഖനനങ്ങൾ നടത്തുക, ചരിത്ര പുരാവസ്തു-വാസ്തുശില്പ കെട്ടിടങ്ങൾ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് സംരക്ഷണം നൽകി നിലനിർത്തുക, ചുവർചിത്രങ്ങളുടെയും മറ്റ് പ്രാചീന വസ്തുക്കളുടേയും രാസസംരക്ഷണം, നാണയ പഠനം, ശിലാലിഖിത പഠനം എന്നിവയാണ് പുരാവസ്തു വകുപ്പ് നടത്തുന്നപ്രധാന പ്രവർത്തനങ്ങൾ.

(ബി) ഗവേഷണ വിദ്യാർത്ഥികൾക്ക് വകുപ്പ് എന്തെല്ലാം സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു;

(ബി) ഉത്ഖനനങ്ങളെക്കുറിച്ചും ശിലാലിഖിതങ്ങളെക്കുറിച്ചും നാണയത്തെക്കുറിച്ചും സംരക്ഷിത സ്മാരകങ്ങളെ ക്കുറിച്ചും പഠനം നടത്തി അവയുടെ വിശദ വിവരങ്ങൾ ഗവേഷണ വിദ്യാർത്ഥികൾക്കും നൽകുന്നുണ്ട്. ഇത് സംബന്ധിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും, മ്യൂസിയങ്ങളുടെ ഗൈഡ് ബുക്ക് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വകുപ്പിന്റെ കീഴിൽ പ്രദർശന ങ്ങളും സെമിനാറുകളും സംഘടി പ്പിക്കാറുണ്ടോ ; കഴിഞ്ഞ വർഷം ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ഉണ്ട്; കഴിഞ്ഞ വർഷം നവംബർ മാസത്തിൽ കനകക്കുന്ന് കൊട്ടാര ത്തിൽ വച്ച് അഞ്ചു ദിവസം നീണ്ടുനിന്ന പുരാവസ്തു പ്രദർശനം നടത്തി യിരുന്നു. |
| (ഡി) | റിക്കാർഡുകൾ ശാസ്ത്രീയമായി സൂക്ഷിക്കുന്നതു സംബന്ധിച്ച് വകുപ്പ് പരിശീലന പരിപാടികൾ സംഘടിപ്പി ക്കുന്നുണ്ടോ ; | (ഡി) | ഇല്ല |
| (ഇ) | കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിയ പരിപാടികൾ എന്തെല്ലാ മാണ്; | (ഇ) | കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് അഞ്ചു ദിവസം നീണ്ടുനിന്ന പുരാവസ്തു പ്രദർശനം സംഘടിപ്പിച്ചി രുന്നു. |
| (എഫ്) | വകുപ്പ് പുരാരേഖകൾ സംബ ന്ധിച്ച് പുസ്തകങ്ങൾ പ്രസിദ്ധീ കരിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (എഫ്) | **പുരാരേഖ സംബന്ധിച്ച് പുസ്തക ങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല.** |

**സെക്ഷൻ ഓഫീസർ**

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ: 403 — 11.7.2007-ൽ മറുപടിയ്ക്ക്

### "ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ"

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>പ്രൊഫ.എൻ.ജയരാജ് | ശ്രീ. ജി. സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും കയറും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതെ ശബരിമലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി അടുത്ത 50 വർഷ കാലയളവിലേക്ക് വേണ്ടിയുള്ള ബൃഹത്തായ "ശബരിമല മാസ്റ്റർ പ്ലാൻ" ഇക്കോസ്മാർട്ട് ഇൻഡ്യാ ലിമിറ്റഡ് എന്ന കൺസൾട്ടൻസി പുസ്തക രൂപത്തിലുള്ള അഞ്ച് വാല്യങ്ങളിലായാണ് തയ്യാറാക്കി യിരുക്കുന്നത്. തീർത്ഥാടകരുടെ വർഷാവർഷമുള്ള വർദ്ധനവിന്റെ തോത് പിടിച്ച് 50 കൊല്ലത്തേക്കുള്ള ആവശ്യങ്ങളും, അതിനു ചെയ്യേണ്ടുന്ന ജോലികളും അത്യാവശ്യ കാര്യങ്ങൾക്കു വരുന്ന ഏകദേശ ചെലവും മാസ്റ്റർ പ്ലാനിൽ വിശദമായി നൽകിയിട്ടുണ്ട്. രണ്ടു ഘട്ടങ്ങളായി 2015 വരെ നടപ്പിലാക്കേണ്ട ഹ്രസ്വകാലാടി സ്ഥാനത്തിലുള്ള പദ്ധതികളും ദീർഘമേറിയ കാലയളവിൽ 2050 വരെ നടപ്പിലാക്കേണ്ടുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും മാസ്റ്റർ പ്ലാനിൽ വിശദീകരിച്ചിട്ടുണ്ട്. ഇത് അഞ്ചു മോഡ്യൂളുകളിലാണ് നൽകിയിരിക്കുന്നത്. (റീജിണൽ മോഡ്യൂൾ, ഇൻഫ്രാസ്ട്രക്ചർ മോഡ്യൂൾ, ലാൻഡ്സ്കേപ്പ് |

മോഡ്യൂൾ, ബിൽട്ട് ഫാബ്രിക് അനാലിസിസ് മോഡ്യൂൾ, ഗൈഡ് ലൈൻ ഡിസാസ്റ്റർ മാനേജ്മെന്റ്). കേരളം ആകമാനം ഒരു യൂണിറ്റായി എടുത്ത് ക്ഷേത്രങ്ങളുടെ സ്ഥലങ്ങളെ അടിസ്ഥാനമാക്കി അവിടെയൊക്കെയുള്ള പഞ്ചായത്തിലും നഗരസഭയിലും തീർത്ഥാടകരെത്തുന്ന സ്ഥലങ്ങളിലും എന്തൊക്കെ സൗകര്യമൊരുക്കണമെന്ന് ദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്.

ശബരിമലയിലും, പമ്പയിലും, തീർത്ഥാടന പാതയിലും, നിലയ്ക്കലിലും ഉടനടി ചെയ്യേണ്ടുന്ന ജോലികളുടെ വിവരവും നൽകിയിട്ടുണ്ട്. ക്യൂ കോംപ്ലക്സുകൾ, ലാട്രിനുകൾ, പമ്പയിലും, ശബരിമലയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, സ്വീവർ ലൈനുകൾ, ഇൻസുനറേറ്ററുകൾ, കാർഡിയോളജി സെന്ററുകൾ, റോഡ് വികസനം, താമസ സൗകര്യങ്ങൾ, പ്രസാദ കോംപ്ലക്സ് മാറ്റിവയ്ക്കൽ, കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾ, കുടിവെള്ള സംഭരണവും, വിതരണവും, തീർത്ഥാടന പാത വികസനം, തിരക്ക് നിയന്ത്രണം, വാഹന ഗതാഗതം, ഖരമാലിന്യ നിർമ്മാർജ്ജനവും നിയന്ത്രണവും, ഭൂഗർഭ ജല ലഭ്യത, ബേയ്സ് ക്യാംപുകൾ, പാർക്കിംഗ് സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജനം, ചികിൽസാ സൗകര്യങ്ങൾ, താമസ സൗകര്യങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളിലും നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള താരിഫ് അനുസരിച്ച് ബോർഡ് ലോക്കൽ ബോഡികളും മറ്റും ചെലവാക്കേണ്ടുന്ന തുകയും നൽകിയിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകാനിടയുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

**(ബി) & (സി)** ഉണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള നിർദ്ദേശം നൽകാനാണ് ഇക്കോസ്മാർട്ട് എന്ന കൺസൾട്ടൻസിയെ നിയോഗിച്ച് മാസ്റ്റർ

(സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ശബരിമലയിൽ വികസന പദ്ധതി നടപ്പിലാക്കുമ്പോൾ ഉരുത്തിരിഞ്ഞേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട്, ശാസ്ത്രീയമായ പഠനം നടത്തി, പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിലാണ് മാസ്റ്റർ പ്ലാനിലെ ഓരോ പദ്ധതി നിർദ്ദേശവും തയ്യാറാക്കിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ഇക്കോഫ്രണ്ട്ലിയായാണ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. വികസനത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്വാധീനിച്ചേക്കാവുന്ന ഘടകങ്ങൾ അപഗ്രഥിച്ച് ഭൂപ്രകൃതിക്കിണങ്ങുംവിധം പദ്ധതികൾ സംയോജിപ്പിച്ചിട്ടുണ്ട്. 10 മുതൽ 40 വർഷത്തെ ദീർഘകാല പ്രോജക്റ്റുകൾ നടപ്പിലാക്കേണ്ടതിനാൽ വളരെ സുപ്രധാനമായ വലിയ വികസന പദ്ധതികൾ തുടർന്നു നടപ്പിലാക്കുന്നതിന് മുമ്പ് വിശദമായ പരിസ്ഥിതി പഠനം നടത്തിയിരിക്കണമെന്ന് പ്ലാനിൽ ശുപാർശ ചെയ്തിട്ടുണ്ട്. ഇത്തരം പഠനത്തിനുള്ള സമയപരിധിയും പ്ലാനിൽ കൊടുത്തിട്ടുണ്ട്. കൂടാതെ വനഭൂമിയുടെ പാരിസ്ഥിതിക മൂല്യങ്ങൾ കണക്കിലെടുത്ത് ഭൂമി ഉപയോഗിക്കുമ്പോഴും ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ നടപ്പിലാക്കുമ്പോഴും പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും മാസ്റ്റർ പ്ലാൻ റിപ്പോർട്ടിന്റെ 3-ാം വാല്യത്തിൽ (Vision Document & Guidelines) വിശദമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 404

## 11.07.2007 - ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ നൽകുന്ന ഇൻകം ടാക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക:<br>ശ്രീ. വി.എൻ.വാസവൻ:<br>ശ്രീ. എം.എം.മോനായി:<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി :<br>ശ്രീ. സി.എം.ദിനേശ് മണി : | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാനസഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ലാഭത്തിന്റെ മുപ്പത് ശതമാനം ഇൻകം ടാക്സ് നൽകണമെന്ന് വ്യവസ്ഥ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ; | (എ) നിലനിൽക്കുന്നുണ്ട്. |
| (ബി) ഈ ബാങ്കുകൾ ഇതിനകം എത്ര കോടി രൂപ ഈ ഇനത്തിൽ നൽകി എന്ന് അറിയിക്കുമോ ; | (ബി) അറിയിക്കാം. |

| | | |
|---|---|---|
| 1. | കേരള സംസ്ഥാന സഹകരണ ബാങ്ക് | 32,43,600.00 |
| 2. | ജില്ലാ സഹകരണ ബാങ്കുകൾ | 3,08,19,000.00 |
| 3. | അർബൻ ബാങ്കുകൾ | 5,50,05,172.00 |
| 4. | കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | |
| | ആകെ | 8,90,67,772.00 |

(സി) സഹകരണ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമായ ഈ വ്യവസ്ഥ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

(സി) യും (ഡി) യും

2006-07 ലെ കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് കേന്ദ്ര ആദായ നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ആദായനികുതി നിയമത്തിലെ 80 (പി) വകുപ്പനുസരിച്ച് സഹകരണ ബാങ്കുകൾക്ക് ലഭിച്ചുകൊണ്ടിരുന്ന നികുതി ഒഴിവ് നിർത്തലാക്കിയത് സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുമെന്നതിനാൽ അതു റദ്ദ് ചെയ്യണമെന്ന് 12-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ 26.10.2006 ൽ ഏകകണ്ഠേന അംഗീകരിച്ച പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതിനും ഇൻകം ടാക്സ് ആക്ടിലെ വ്യവസ്ഥയിലും ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഊർജ്ജിതമായ തുടർനടപടികൾ കൈക്കൊള്ളുന്നതിനും ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി, കേന്ദ്ര ധനമന്ത്രി, കേന്ദ്ര കൃഷിമന്ത്രി എന്നിവരുമായി ചർച്ച നടത്തി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് ഒരു സർവകക്ഷി നിവേദക സംഘം ഡൽഹിയിലേക്ക് അയയ്ക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച് നടപടികൾ ആവശ്യപ്പെട്ട് കേന്ദ്ര ധനകാര്യമന്ത്രി, കേന്ദ്ര കൃഷിമന്ത്രി എന്നിവർക്ക് നിവേദനം നൽകിയിട്ടുണ്ട്. എം.പി.മാർ പാർലമെന്റിൽ ഉന്നയിച്ചിട്ടുണ്ട്. ഇതിൽ വേണ്ടത്ര പ്രയോജനം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.405. 11-7-2007-ൽ മറുപടിക്ക്

**കേരള സ്റ്റേറ്റ് നിയമസഹായ അതോറിറ്റിയുടെ**

**ലോക് അദാലത്തുകൾ സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്:<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.കെ.വി അബ്ദുൾ ഖാദർ:<br>ശ്രീമതി.കെ.എസ്.സലീഖ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) കേരള സ്റ്റേറ്റ് നിയമസഹായ അതോറിറ്റി നടത്തുന്ന ലോക് അദാലത്തുകൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | പ്രത്യേകമായി പരിശോധിച്ചിട്ടില്ല. എങ്കിലും, തികച്ചും ചിലവ് കുറഞ്ഞ തർക്കങ്ങൾ വേഗത്തിൽ തീർപ്പാക്കാൻ കഴിയുന്നതുമായ ഫലപ്രദമായ സംവിധാനമാണ് ലോക് അദാലത്ത് എന്നാണ് സർക്കാരിൻെറ അഭിപ്രായം. |
| (ബി) ലോക് അദാലത്തിൻെറ പ്രവർത്തനംമൂലം കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര കേസുകൾ ഒത്തുതീർപ്പായിട്ടുണ്ട്; | 51,129 കേസുകൾ ഒത്തുതീർപ്പായിട്ടുണ്ട്. |
| (സി) കോടതിയിൽ കേസു നടത്താൻ ശേഷിയില്ലാത്തവർക്ക് അതോറിറ്റി വക്കീലന്മാരെ ഏർപ്പെടുത്തി കൊടുക്കുന്നുണ്ടോ; ഈ ഇനത്തിൽ കഴിഞ്ഞ വർഷം എത്ര തുക ചിലവായി; | ഉണ്ട്. ഈ ഇനത്തിൽ കഴിഞ്ഞ വർഷം 4,34,585/- രൂപ ചിലവായി. |
| (ഡി) സ്ഥിരം ലോക് അദാലത്തുകൾ ഏതെല്ലാം ജില്ലകളിൽ സ്ഥാപിച്ചിട്ടുണ്ട്; | സ്ഥിരം ലോക് അദാലത്ത് ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. അതിൻെറ അധികാരപരിധി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലാണ്. |

(ഇ) പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോടതി ചെലവില്ലാതെ ലോക് അദാലത്തിലൂടെ പരിഹരിക്കുവാൻ കഴിയുമെന്നതിനാൽ എല്ലാ കോർപ്പറേഷൻ പ്രദേശങ്ങളിലും സ്ഥിരം ലോക് അദാലത്തുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

കോട്ടയം, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം എന്നീജില്ലകൾക്കുവേണ്ടി എറണാകുളത്തും പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകൾക്കുവേണ്ടി കോഴിക്കോടും സ്ഥിരം ലോക് അദാലത്ത് തുടങ്ങുന്നകാര്യം പരിഗണയിലുണ്ട്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:406 11.07.2007-ൽ മറുപടിയ്ക്ക്

എച്ച്.ഐ.വി.ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.ജോർജ് മേഴ്സിയർ | | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി | |
| എ) | എച്ച്.ഐ.വി ബാധിതരായ വിദ്യാർത്ഥികളെ സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നതിനെതിരെ രക്ഷാകർത്തൃ സമിതികൾ പ്രതിഷേധ സമരം നടത്തുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി എല്ലാ ജില്ലകളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | ബി) | കോട്ടയം ജില്ലയിലെ പാമ്പാടി എം.ഡി.എൽ.പി.എസ്. പള്ളിവാതിൽക്കൽ സ്കൂളിൽ എച്ച്.ഐ.വി.ബാധിതരായ കുട്ടികളെ പഠിപ്പിക്കുന്നതിനെതിരെ പ്രതിഷേധം പ്രകടിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കുട്ടികൾ ടി സ്കൂളിൽ തന്നെ പഠനം തുടരുന്നത് ഉറപ്പാക്കുവാൻ കോട്ടയം ജില്ലാകളക്ടർക്ക് സർക്കാർ 26-6-07 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്. എച്ച്.ഐ.വി. ബാധിതരായ കുട്ടികൾക്കായി പ്രത്യേക പഠന സൗകര്യം ഏർപ്പെടുത്തുക എന്നുള്ളത് ഗവണമെൻറിൻെറ നയമല്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 407 — 11-07-2007-ൽ മറുപടിയ്ക്ക്

### 2010-ലെ നാഷണൽ ഗെയിംസ്

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ:
ശ്രീ.കെ.കെ.ദിവാകരൻ:
ശ്രീ.ചെന്താമരാക്ഷൻ:
ശ്രീ.കെ.വി.കുഞ്ഞിരാമൻ:
ശ്രീ.മഞ്ഞളാംകുഴി അലി:

**ഉത്തരം**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)
2010-ലെ നാഷണൽ ഗെയിംസ് കേരളത്തിൽ വച്ചു നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എ)
ഇല്ല.
എന്നാൽ 2009-ൽ നടക്കേണ്ട 35-ാമത് നാഷണൽ ഗെയിംസ് കേരളത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി)
ദേശീയ ഗെയിംസ് നടത്തുന്നതിന് ആവശ്യമായ നിലവാരമുള്ള സ്റ്റേഡിയങ്ങൾ സംസ്ഥാനത്തുണ്ടോ;

(ബി)
ഇല്ല.
ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിലെ സ്പോർട്ട്സ് അടിസ്ഥാന സൗകര്യങ്ങൾ ദേശീയ ഗെയിംസ് നടത്തുന്നതിന് തികച്ചും അപര്യാപ്തമാണ്.

(സി)
സ്റ്റേഡിയങ്ങളുടെ നവീകരണത്തിനും നിർമ്മാണത്തിനുമുള്ള പ്രവർത്തനങ്ങൾ മുൻകൂട്ടി ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ;

(ഡി)
ഇതിനായി ഏതെല്ലാം സ്റ്റേഡിയങ്ങളും സ്വിമ്മിംഗ് പൂളുകളുമാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

(സി) യും (ഡി) യും
സ്റ്റേഡിയങ്ങളുടെ നവീകരണത്തിനും, നിർമ്മാണത്തിനും വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നു.

S. Malathy
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 408 — 11.7.2007 ൽ മറുപടിയ്ക്ക്

## സുനാമി ബാധിതരുടെ പുനരധിവാസത്തിനായി വീടുനിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം :<br>ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.എ.എം.യൂസഫ് :<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>ശ്രീ.വി.ശശികുമാർ : | ശ്രീ.കെ.പി.രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) |

എ) സുനാമി ബാധിതരുടെ പുനരധിവാസത്തിനായി എത്ര വീടുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചത് ;

എ & ബി

| | അനുവദിച്ച വീട് | പൂർത്തിയായത് |
| --- | --- | --- |
| കൊല്ലം | 3002 | 2801 |
| എറണാകുളം | 238 | 238 |
| ആലപ്പുഴ | 848 | 828 |
| ആകെ | 4088 | 3867 |

ബി) ഇതിൽ എത്ര വീടുകൾ പൂർത്തിയായി ; ഏതെല്ലാം സംഘടനകൾ എത്ര വീടുകൾ വീതം നിർമ്മിച്ചു നൽകി ;

വീടുകൾ നിർമ്മിച്ച സംഘടനകളുടെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു.

സി വീടുനിർമ്മാണം പൂർത്തിയാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

സി നിർമ്മാണം ഏറ്റെടുത്ത സംഘടനകൾ പിന്മാറിയതിനാലാണ് വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത്.

ഡി ഭവന നിർമ്മാണ ചുമതലയേറ്റ ഏതെങ്കിലും സ്ഥാപനം നിർമ്മാണ ചുമതലയിൽ നിന്നും പിന്മാറിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

ഡി കൊല്ലം, ആലപ്പുഴ ജില്ലകളിൽ ചില സംഘടനകൾ വാഗ്ദാനം ചെയ്ത വീടുകൾ പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

ഇ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് അടിയന്തിരമായി വീട് നിർമ്മിച്ചു നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഇ എറണാകുളം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ ആരും കഴിയുന്നില്ല. കൊല്ലം, ആലപ്പുഴ ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ എത്രയും പെട്ടെന്ന് മാറ്റിപ്പാർപ്പിക്കുന്നതാണ്. ഇവർക്ക് പുതിയ വീട് നിർമ്മിച്ച് മാറ്റിത്താമസിപ്പിക്കുന്നതുവരെ പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## എറണാകുളം

| | വിവിധ സംഘടനകൾ | വീടുകളുടെ എണ്ണം |
|---|---|---|
| 1 | കോട്ടപ്പുറം ഡെവലപ്പ്മെന്റ് സൊസൈറ്റി | 6 |
| 2 | വെൽഫയർ സൊസൈറ്റി, എറണാകുളം | 17 |
| 3 | K.G.A. ഗ്രൂപ്പ് ഓഫ് കമ്പനീസ്, കൊച്ചി | 26 |
| 4 | അമൃതാനന്ദമയി മഠം | 30 |
| 5 | ചർച്ച് ഓഫ് ഓക്സിലറി ഫോർ സോഷ്യൽ ആക്ഷൻ (CASA) | 85 |
| 6 | എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി | 51 |
| 7 | മർച്ചന്റ് യൂണിയൻ, എറണാകുളം | 8 |
| 8 | കൊച്ചിൻ സോഷ്യൽ സർവ്വീസ് സൊസൈറ്റി | 9 |
| 9 | പഞ്ചാബ് നാഷണൽ ബാങ്ക് | 1 |
| 10 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1 |
| 11 | ടോക് എച്ച് പബ്ളിക് സ്കൂൾ | 1 |
| 12 | പ്രവാസി മലയാളി അസോസിയേഷൻ | 1 |
| 13 | എക്സ് സർവ്വീസ് മെൻ വെൽഫയർ അസോസിയേഷൻ | 1 |
| 14 | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 1 |
| | ആകെ | 238 |

## കൊല്ലം

| ക്രമ നം. | എൻ.ജി.ഒ.യുടെ പേര് | നിർമ്മാണത്തിന് അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ |
|---|---|---|---|
| 1 | മാതാ അമൃതാനന്ദമയീ മഠം | 1487 | 1319 |
| 2 | കാസാ | 72 | 72 |
| 3 | കേരളാ കാത്തലിക് ബിഷപ് കൗൺസിൽ | 460 | 460 |
| 4 | മാർത്തോമാ സിറിയൻ ചർച്ച് | 76 | 76 |
| 5 | മലയാള മനോരമ | 95 | 95 |
| 6 | ഗുഡ് സമരിറ്റൻ പ്രോജക്ട് ഇന്ത്യ | 30 | 30 |
| 7 | വേൾഡ് വിഷൻ ഇന്ത്യ | 482 | 482 |
| 8 | മോസ്റ്റ്: റവ: ഡോ.കെ.പി.യോഹന്നാൻ | 10 | 10 |
| 9 | മലങ്കര ഓർത്തഡോക്സ് ചർച്ച് | 20 | 20 |
| 10 | കെ.ഇ.എബ്രഹാം ഫൗണ്ടേഷൻ | 12 | 12 |
| 11 | കാർബൺ ലൊറൈൻ (വീട് നിർമ്മാണം പി.ഡബ്ല്യൂ.ഡി) | 16 | 15 |
| 12 | ഇൻഫാം അഗ്രോ മൂവ്മെന്റ് | 9 | 9 |
| 13 | ക്രിസ്ത്യൻ ചർച്ച് ഓഫ് ക്രൈസ്റ്റ് വാളകം | 9 | 9 |
| 14 | ഓക്സ് ഫാം ഇന്റർനാഷണൽ ട്രസ്റ്റ് | 41 | 41 |
| 15 | സാൽവേഷൻ ആർമി | 76 | 44 |
| 16 | പോബ്സ്, തിരുവല്ല | 9 | 9 |
| 17 | കെ.എസ്.ഇ.ബി അസോസിയേഷൻ | 1 | 1 |
| 18 | ഒയിസ്ക ഇന്റർനാഷണൽ | 2 | 2 |
| 19 | നാഷണൽ കൗൺസിൽ ഓഫ് Y.W.C.A | 21 | 21 |
| 20 | സി.പി.ഐ.എം | 69 | 69 |
| 21 | കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് | 3 | 3 |
| 22 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 2 | 2 |
| | | 3002 | **2801** |

## ആലപ്പുഴ

| | | |
|---|---|---|
| 1 | മാതാ അമൃതാനന്ദമയി ട്രസ്റ്റ് | 147 |
| 2 | വേൾഡ് വിഷൻ | 173 |
| 3 | ദീപിക | 65 |
| 4 | കെ.എസ്.ഇ.ബി.ഓഫീസേഴ്സ് | 1 |
| 5 | സേവ ഭാരതി | 51 |
| 6 | മലങ്കര ഓർത്തഡോക്സ് സഭ | 20 |
| 7 | മലയാള മനോരമ | 30 |
| 8 | സി.പി.ഐ (എം) | 30 |
| 9 | കാസ | 25 |
| 10 | കാരിത്താസ് | 205 |
| 11 | കൃപ്പാ സേവാ സൊസൈറ്റി | 2 |
| 12 | സാൽവേഷൻ ആർമി | 44 |
| 13 | സമഗ്ര വികസന സൊസൈറ്റി | 15 |
| | **ആകെ** | **828** |

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 409

### 11.07.2007 - ൽ മറുപടിക്ക്

### ആതുര സേവന രംഗത്ത് സഹകരണ മേഖല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.കെ. പ്രേംനാഥ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. കെ.പി. മോഹനൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ആതുര സേവന രംഗത്ത് സഹകരണ മേഖലയുടെ പ്രവർത്തനം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ; | എ) ആതുര സേവന രംഗത്ത് സഹകരണ മേഖലയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും ആതുര സേവന രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽ നിന്നും മോചനം നൽകുന്നതിനും പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള ചികിത്സാ സൗകര്യങ്ങൾ പരമാവധി ചെലവ് കുറച്ചു നൽകണമെന്ന ഉദ്ദേശ-ലക്ഷ്യത്തോടെയുമാണ് സഹകരണ ആശുപത്രികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നത്. |
| ബി) ഓരോ നിയോജക മണ്ഡലത്തിലും ഓരോ സഹകരണ ആശുപത്രി സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ? | ബി) ഓരോ നിയോജക മണ്ഡലത്തിലും ഓരോ സഹകരണ ആശുപത്രി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സഹകാരികളാണ് മുന്നിട്ട് നിന്ന് പ്രവർത്തിക്കേണ്ടത്.സർക്കാർ അതിന് സഹായിക്കുകയാണ് ചെയ്യുക. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **410** | 11-7-2007- ൽ മറുപടിക്ക് |

## വിദ്യാഭ്യാസ വകുപ്പിലെ നിയമന നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ടി. അഹമ്മദ് അലി<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| **(എ)** സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ നിയമന നിരോധനം നിലവിലുണ്ടോ ; | **(എ)** നിയമന നിരോധനം നിലവിലില്ല. എന്നാൽ 2006-07 അദ്ധ്യയന വർഷം മുതൽ അധിക ഡിവിഷൻ വേക്കൻസിയിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്ക് അംഗീകാരം നൽകുന്നതിന് നിരോധനം ഉണ്ട്. |
| **(ബി)** ഇത് സംബന്ധമായ ഉത്തരവ് ലഭ്യമാക്കുമോ ; | **(ബി)** 17/8/2005- ലെ ജി.ഒ.(പി) നം.317/05/പൊ.വി.വ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| **(സി)** നിയമന നിരോധനം കാരണം സ്കൂളുകളിൽ അദ്ധ്യയന രംഗത്തുള്ള പ്രതിസന്ധി തീർക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; | **(സി)** സ്കൂൾ നടത്തിപ്പിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, 24/4/2002-ലെ ജി.ഒ.(പി)നം.80/2002/ പൊ.വി.വ, 15/6/04-ലെ ജി.ഒ.(പി)169/04/പൊ.വി.വ, 17/8/05-ലെ ജി.ഒ.(പി)317/05/പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം 2001മുതൽ 2006 അദ്ധ്യയന വർഷംവരെയുള്ള അധിക ഡിവിഷൻ വേക്കൻസികളിലെ നിയമനങ്ങൾക്ക് കേരള വിദ്യാഭ്യാസ ചട്ടത്തിലെ വ്യവസ്ഥകൾക്കു വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. അതിനാൽ അദ്ധ്യയന രംഗത്ത് ഇക്കാരണത്താൽ പ്രതിസന്ധിയില്ല. |
| **(ഡി)** പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ ? | **(ഡി)** 2006-07 വർഷത്തിൽ അനുവദിച്ച അധിക തസ്തികകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

GENERAL EDUCATION—GOVERNMENT/AIDED SCHOOLS—APPOINTMENT AGAINST ADDITIONAL DIVISION VACANCIES—APPROVAL OF APPOINTMENT—SANCTIONED—ORDERS ISSUED

GENERAL EDUCATION (J) DEPARTMENT

**G. O. (P) No. 317/2005/G. Edn. Dated, Thiruvananthapuram, 17th August, 2005.**

*Ref.* –1. G. O. (P) No. 2278/99/Fin. dated 17-11-1999.

2. G. O. (P) No. 994/2000/Fin. dated 30-6-2000.
3. G. O. (P) No. 817/2001/Fin. dated 11-6-2001.
4. G. O. (P) No. 303/2001/G. Edn. dated 5-10-2001.
5. G. O. (P) No. 377/2001/G. Edn. dated 28-12-2001.
6. G. O. (P) No. 80/2002/G. Edn. dated 27-4-2002.
7. G. O. (P) No 169/2004/G. Edn. dated 15-6-2004.

ORDER

As part of economy measures Government had ordered in the G. O. read as third paper above that no new posts shall be created in Government/Aided Colleges/Schools in the State. Later, considering the practical difficulties in running the schools without adequate staff, Government issued direction to approve all appointments in Government/Aided Schools upto 14-7-2001 vide the G. O. read as fourth paper above. It was directed therein that in future no new appointments would be made without prior approval of Government. Thereafter, it was clarified vide the G.O. read as fifth paper above that the condition regarding prior approval shall be applicable only to the appointments against new division vacancies and that the vacancies against the existing posts caused due to retirement, promotion, leave, death, resignation etc., could be filled up without prior sanction from Government. As per G. O. read as sixth paper above, Government ordered that all the appointments of teachers of Government/ Aided Schools upto 29-10-2001 after revising/reviewing the staff fixation orders

for the year 2001-02 could be approved. It was made clear therein that no new vacancies consequent on staff fixation shall be filled up without prior approval of Government. As per the Government Order read as seventh paper above, Government inter alia ordered to approve all the appointments made against additional division vacancies in Aided Schools after 29-10-2001, if otherwise eligible as per the provisions in KER.

2. Based on the above said Government Orders, appointments of the teaching and non-teaching staff are being approved by the Educational Officers concerned. It has come to the notice of the Government that the Educational Officers in the State have not taken a uniform stand in the implementation of the Government Orders in the case of appointments against additional division vacancies. A series of representations are being received from various quarters requesting for the approval of appointments made against the additional division vacancies during 2004-05. Representations are also being received for sanctioning additional divisions and approving the same during 2005-06.

3. Government, after having examined the matter in detail, are pleased to issue the following orders:

(i) The Assistant Educational Officers/District Educational Officers concerned will sanction additional divisions in Government/Aided Schools, eligible as per the provisions in the KER, for the year 2005-06 and approve the appointments against those vacancies, if they are otherwise in order. Eligible post of non-teaching staff will also be sanctioned accordingly.

(ii) All appointments of Government/Aided Schools teachers made against regular additional division vacancies during 2004-05 will also be approved, if otherwise eligible as per the provisions in the KER.

(iii) All appointments of non-teaching staff made in Government/Aided Schools during 2004-05 will also be approved, if otherwise eligible as per the provisions in the KER.

(iv) Salary for the newly appointed teachers and non-teaching staff during the year 2004-05, as above upto 31-7-2005 will be credited to the P.F. Accounts and salary from 1-8-2005 only will be paid in cash. No withdrawal shall be made before 1-8-2007 from the arrears of salary credited to P.F.Account.



(v) The Educational Officers are hereby authorized to revise the staff fixation for the year 2004-05 and 2005-06 as above, wherever necessary, in accordance with the provisions in the KER and to issue consequential orders approving the appointments, if they are otherwise in order, notwithstanding the fact that the appointments are taken up with higher authorities on appeal.

(vi) The restriction imposed on appointment of teachers and non-teaching staff consequent to additional division vacancies shall continue from the academic year 2006-07 onwards.

By order of the Governor,

P. J. Thomas,
*Principal Secretary to Government.*

To

The Director of Public Instruction, Thiruvananthapuram.

All the Deputy Directors of Education/District Educational Officers/ Assistant Educational Officers.

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A&E), Kerala, Thiruvananthapuram.

The General Administration (S.C.) Department—vide item No.722 dtd. 6-7-2005.

The Finance Department—vide U.O. No. 70178/Edn. A1/05/Fin.dtd.11-8-2005.

The Director of Public Relations Department.

All Sections and Officers in the General Education Department.

Stock File/Office Copy.

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 411**
**11.07.2007 - ൽ മറുപടിയ്ക്ക്**

## വായ്പാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്: | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനസഹകരണ ബാങ്ക് പുതുതായി എന്തെങ്കിലും വായ്പാ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വ്യക്തമാക്കുമോ ; | (ബി) റിവേഴ്സ് മോർട്ട്ഗേജ് ലോൺ, വനിതകൾ ക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാപദ്ധതി എന്നീ രണ്ട് പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം ബാങ്കിന്റെ 2007-08 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത വായ്പാ പദ്ധതികളെ സംബന്ധിച്ച വിശദമായ രൂപരേഖയും നിബന്ധനകളും തയ്യാറാക്കി വരുന്നതേയുള്ളൂ. 4% പലിശയ്ക്ക് നെൽ കൃഷി വായ്പ, പച്ചക്കറികൃഷി വായ്പ എന്നിവ വ്യാപകമായി നൽകുന്നതു വഴി വലിയ തൊഴിൽ സാദ്ധ്യതകൾ തെളിയുന്നു. |

(സി) സഹകരണ മേഖലയിൽ പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെങ്കിലും നൂതന പദ്ധതികൾ രൂപം നൽകുമോ ?

(സി) സഹകരണ മേഖലയിൽ പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തുന്നതിനും സ്വയം തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനും നൂതന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ കീഴിൽ 'വീട്ടുമുറ്റത്തൊരു ബാങ്ക്' പോലുള്ള പദ്ധതികൾ പരിഗണനയിലാണ്. വിശദവിവരങ്ങൾ തയ്യാറാക്കിയിട്ടില്ല. തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ കീഴിൽ [illegible] സമഗ്ര വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിച്ച് കൂടുതൽ വായ്പകൾ നൽകുന്നതിന് ഉദ്ദേശിക്കുന്നു. മലപ്പുറം പെരിന്തൽമണ്ണ താലൂക്കിൽ പെരിന്തൽമണ്ണ സഹകരണ [illegible] ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ ചിൽഡ്രൻസ് പാർക്ക്, അമ്യൂസ്മെന്റ് പാർക്ക്, സ്വിമ്മിംഗ് പൂൾ തുടങ്ങിയ വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. ഇതിൽ 30 പേർക്ക് തൊഴിൽ അവസരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ കീഴിൽ 28 വനിതകൾക്ക് സബ്സിഡിയോടെ ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് വായ്പകൾ നൽകിയിട്ടുണ്ട്. കൂടാതെ, സഹകരണ മേഖലയിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, പ്രിന്റിംഗ് തുടങ്ങിയ സംഘങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക് [illegible] ജില്ല

യിലെ ഓരോ പ്രാഥമിക ഹെൽത്ത് സെന്ററിനൊപ്പവും താലൂക്ക്, ജില്ലാ ആശുപത്രികളോടൊപ്പവും ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ വിദ്യാഭ്യാസരംഗത്ത് കൂടുതൽ പ്രൊഫഷണൽ കോളേജുകൾ സ്ഥാപനങ്ങൾ ആരംഭിക്കുന്നതു വഴിയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 412
### 11.07.2007 - ൽ മറുപടിയ്ക്ക്

### സഹകരണ സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസ് ഘടന

**ചോദ്യം**

ശ്രീ. കെ.ബി.ഗണേഷ് കുമാർ :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. തോമസ് ചാണ്ടി :

**ഉത്തരം**

ശ്രീ.ജി.സുധാകരൻ
(സഹകരണവും കയറും
ദേവസ്വവും വകുപ്പു മന്ത്രി)

(എ) സഹകരണ മേഖലയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് ഘടന സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(എ) സഹകരണ വകുപ്പിന് കീഴിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള CAPE ന്റെ നിയന്ത്രണത്തിലുള്ള 5 എഞ്ചിനീയറിംഗ് കോളേജുകളിലും 1 മെഡിക്കൽ കോളേജിലും ഉള്ള നടപ്പ് ഫീസ് താഴെ ചേർക്കുന്നു.

| എഞ്ചിനീയറിംഗ് കോളേജുകൾ | ട്യൂഷൻ ഫീസ് |
|---|---|
| സർക്കാർ ക്വാട്ട സീറ്റുകൾ (50% സീറ്റുകൾ) | 4000/- |
| മാനേജ്മെന്റ് സീറ്റുകൾ (35% സീറ്റുകൾ) | 38,700/- |
| NRI ക്വാട്ട സീറ്റുകൾ (15% സീറ്റുകൾ) | 50,000/- |

| മെഡിക്കൽ കോളേജുകൾ | ട്യൂഷൻ ഫീസ് |
|---|---|
| സർക്കാർ ക്വാട്ട സീറ്റുകൾ (50% സീറ്റുകൾ) | 9,625 / - |
| മാനേജ്മെന്റ് സീറ്റുകൾ (35% സീറ്റുകൾ) | 2,13,000/- |
| NRI ക്വാട്ട സീറ്റുകൾ (15% സീറ്റുകൾ) | 5,85,000/- |

മെഡിക്കൽ കോളേജിനോട് അനുബന്ധമായി പ്രവർത്തിക്കുന്ന നേഴ്സിംഗ് സ്കൂൾ
(100% സീറ്റുകൾ) 10000/- രൂപ

കേപ്പിന് കീഴിലുള്ള പ്രൊഫഷണൽ കോളേജുകളിൽ 2007-08 ലെ ഫീസിനു മാനദണ്ഡങ്ങൾ ഇല്ലാത്ത തരത്തിൽ പരിഷ്കരിക്കണമെന്ന് സഹകരണ വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിൽ നിന്നും സഹകരണ വകുപ്പിന് ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ സഹകരണ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസസ് എന്ന സ്ഥാപനത്തിന്റെ കീഴിൽ ഉള്ള പരിയാരം മെഡിക്കൽ കോളേജിൽ 17.06.2007 ന് സർക്കാരുമായി ഉണ്ടാക്കിയ ഉടമ്പടി പ്രകാരം പുതിയ വർഷത്തേക്ക് (2007-08) M.B.B.S കോഴ്സിനുള്ള ഫീസ് ഘടന താഴെ കൊടുക്കുന്നു.

| | മെറിറ്റ് | മാനേജ്മെന്റ് | NRI |
|---|---|---|---|
| വാർഷിക ഫീസ് | 20,000/- | 4,00,000/- | 9,00,000/- |
| പലിശ രഹിത നിക്ഷേപം | 1,50,000/- | 3,00,000/- | |

| | |
|---|---|
| (ബി) സഹകരണമേഖലയിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിൽ സർക്കാർ മേഖലയിലെ ഫീസ് ഘടന നിശ്ചയിച്ച് നടപ്പിലാക്കുവൻ കഴിയാത്തതു എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; | (ബി) കേപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ 50% സീറ്റുകൾ സർക്കാർ കോളേജുകളിലെ ഫീസ് നിരക്ക് ബാധകമാക്കിയിട്ടുണ്ട്.<br><br>കോളേജുകൾ സ്ഥാപിച്ച് നടത്തി കൊണ്ടു പോകുന്നതിന് വേണ്ടി വരുന്ന ചെലവുകൾ കണക്കിലെടുക്കുമ്പോൾ 100% സീറ്റിലും സർക്കാർ കോളേജുകളിലെ ഫീസ് നിരക്ക് ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. ആയത് സ്വാശ്രയ കോളേജ് എന്ന വസ്തുതയ്ക്ക് നിരക്കുന്നതുമല്ല.<br><br>പിന്നിട്ട വർഷം 6 കോടി രൂപ പ്രതി വർഷം നഷ്ടത്തിലാണ് കൊച്ചി മെഡിക്കൽ കോളേജ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. 11 കോടി രൂപയെങ്കിലും ലഭിച്ചാലെ കൊച്ചി മെഡിക്കൽ കോളേജ് ലാഭ നഷ്ടമില്ലാതെ പ്രവർത്തിക്കാൻ കഴിയു എന്ന് കണ്ടെത്തിയിട്ടുണ്ട്. അതനുസരിച്ചുള്ള ഫീസ് ഘടന ആവശ്യമായി വരും. ഇതുവരെയുള്ള കേപ്പിന്റെ നഷ്ടം 56 കോടിയാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 20 ലക്ഷം മുതൽ 25 ലക്ഷം വരെയാണ് വർഷം പിരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ അത്രത്തോളം ഫീസ് ആവശ്യമില്ലെന്നാണ് സഹകരണ വകുപ്പിന്റെ നിലപാട്.<br><br>മാത്രവുമല്ല കേരള സർക്കാർ നിശ്ചയിച്ച ഫീസു മാത്രമെ കൊച്ചി മെഡിക്കൽ കോളേജിൽ വാങ്ങിക്കുന്നുള്ളു. മറ്റു യാതൊരു വിധ സംഭാവനകളും സ്വീകരിക്കുന്നില്ല. |

| | |
|---|---|
| (സി) സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങളിൽ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) കേപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ മെഡിക്കൽ/ എഞ്ചിനീയറിംഗ് കോളേജുകളിൽ സർക്കാർ ഫീസ് നിരക്കിലുള്ള 50% സീറ്റുകളിലെയും ഉയർന്ന ഫീസ് നിരക്കിലുള്ള 35% സീറ്റുകളിലെയും പ്രവേശനം പൊതു പ്രവേശന പരീക്ഷയിലെ റാങ്കും ഓപ്ഷനും അനുസരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ തന്നെയാണ് നടത്തുന്നത്. എൻആർ.ഐ സീറ്റുകളിലേക്ക് മാത്രം എൻ.ആർ.ഐ കളുടെ മക്കൾ/ആശ്രിതർ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് സർക്കാർ നിശ്ചയിച്ച ഫീസ് നിരക്കിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.413      11.07.2007-ൽ മറുപടിയ്ക്ക്

## തുടർസാക്ഷരതാ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന സാക്ഷരതാമിഷന്റെ കീഴിൽ നടന്നുവരുന്ന സാക്ഷരതാ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | എ) ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത മുതിർന്ന പൗരന്മാരെ പ്രാഥമികതലത്തിന് തുല്യമാക്കുന്ന തുല്യതാ പരിപാടി, 10-ാം തരം 'O' ലെവൽ 'A' ലെവൽ പരീക്ഷകൾ, വരുമാന വർദ്ധക പരിപാടികൾ, ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ, ഊർജ്ജിത സാക്ഷരതാപരിപാടി, സമ്പൂർണ്ണ ബ്രെയിലി സാക്ഷരത പരിപാടി, കമ്പ്യൂട്ടർ സാക്ഷരത എന്നിങ്ങനെ പൊതുജന സമൂഹ പുരോഗതിക്കും അവരുടെ ശാക്തീകരണം കൈവരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവിധപരിപാടികൾ സാക്ഷരതാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) തുടർവിദ്യാഭ്യാസ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ; | ബി) തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളെ നിരന്തരമായി വിലയിരുത്തുന്നുണ്ട്. കൂടാതെ തുടർവിദ്യാഭ്യാസ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) തുടർ സാക്ഷരതയും അക്ഷയ പദ്ധതി-യും യോജിച്ച് പ്രവർത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ ; | സി) ഏർപ്പെടുത്താവുന്നതാണ്. ഇപ്പോൾത്തന്നെ പല തുടർവികസന വിദ്യാകേന്ദ്രങ്ങളും അക്ഷയ പഠന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്. |
| ഡി) തുടർ സാക്ഷരതാ പ്രവർത്തകർക്ക് ഐ.ടി. മേഖലയിൽ പരിശീലനം നൽകുമോ ? | ഡി) തുടർസാക്ഷരതാ പ്രവർത്തകർക്ക് ഐ.ടി. പരിശീലനം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 414 11.07.2007-ൽ മറുപടിക്ക്

## പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന രീതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. കാർത്തികേയൻ | ശ്രീ. എം. എ. ബേബി, |
| ശ്രീ. ജോർജ് മേഴ്സിയർ | വിദ്യാഭ്യാസവും സാംസ്കാരികകാര്യവും |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശന രീതി പരിഷ്കരിക്കുന്നതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഒരു സമിതിയെ നിയമിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി. | എങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമാണ്; | ബി | 1. പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ്.<br>2. പ്രവേശന പരീക്ഷാ കമ്മീഷണർ<br>3. ഡോ. എം .ബി. ചന്ദ്രശേഖരൻ<br>4. ഡോ. സി. ആർ. സോമൻ<br>5. ഡോ. ആർ. വി. ജി. മേനോൻ<br>6. ഡോ. ജി. ജയശേഖർ<br>7. ഡോ. അച്യുത് ശങ്കർ.. |
| സി. | ഈ സമിതിയെ നിയോഗിച്ചതെന്നാണ് ; സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | സി | 4.10.2006 ലാണ് സമിതിയെ നിയോഗിച്ചത്. സമിതി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

S.414

| | | | |
|---|---|---|---|
| ഡി | എങ്കിൽ അതിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | ഡി | നിലവിലുള്ള പരീക്ഷ സമ്പ്രദായവും റാങ്ക് നിർണ്ണയവും 2007 ലും തുടരണം. പ്ലസ് ടു പരീക്ഷയുടെ മാർക്ക് 2008-09-ലെ പ്രവേശന പരീക്ഷയുടെ മാർക്കിനോടൊപ്പം ചേർക്കുന്നകാര്യം ആ വർഷത്തിലുള്ള ചർച്ചകൾക്കുശേഷം പരിഗണിക്കാവുന്നതാണ്. വിശദമായ എഴുത്തു പരീക്ഷയും 2007 ലെ പരീക്ഷയ്ക്കു വേണ്ടി ശുപാർശ ചെയ്യുന്നു. പ്രവേശന പരീക്ഷയ്ക്ക് സ്ഥിരമായി ഒരു ചോദ്യ ബാങ്ക് സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യുന്നു. സിലബസ് മുഴുവൻ വ്യാപിച്ചുള്ള ചോദ്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ചോദ്യങ്ങൾ ശരിയായി പരിശോധിക്കുന്നതിനുമുള്ള ഒരു സംവിധാനം ശുപാർശ ചെയ്യുന്നു. 2008 മുതൽ ചോദ്യ പേപ്പർ മലയാളത്തിലും തയ്യാറാക്കുന്നതിന് ശുപാർശ ചെയ്യുന്നു. കൂടാതെ പരീക്ഷ ഫീസ് കുറയ്ക്കുന്നതിനും കണക്ക്, ഫിസിക്സ് എന്നീ പരീക്ഷകളുടെ സമയം 2007 മുതൽ അര മണിക്കൂർ സമയം വർദ്ധിപ്പിക്കുന്നതിനും കമ്മിറ്റി ശുപാർശ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **415**

11-7-2007-ൽ മറുപടിക്ക്

## അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ നിയമിക്കുന്നതിലുള്ള നിയന്ത്രണങ്ങൾ

### ചോദ്യം

ശ്രീ. എൻ. ശക്തൻ
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. കെ. ബാബു

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരെ നിയമിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) വിദ്യാഭ്യാസ മേഖലകളിൽ നിയമിക്കപ്പെടുന്നവരുടെ യോഗ്യതാനിർണ്ണയം, നിയമനരീതി, ഉദ്യോഗക്കയറ്റം എന്നിവയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

### ഉത്തരം

ശ്രീ. എം. എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി)

(എ) & (ബി) &(സി)

നിലവിലുള്ള കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും സമഗ്രമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിനു ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങൾ പരിശോധിച്ച് സർക്കാരിനു ശിപാർശ സമർപ്പിക്കുന്നതിനായി റിട്ട.ചീഫ് സെക്രട്ടറി ശ്രീ സി പി നായർ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ സർക്കാർ നിയമിച്ചുത്തരവായിട്ടുണ്ട് പ്രസ്തുത കമ്മിറ്റി സർക്കാരിനു സമർപ്പിക്കേണ്ട ശിപാർശകളെ സംബന്ധിച്ച് സർക്കാർ അംഗീകരിച്ചിട്ടുള്ള 'ടേംസ് ഓഫ് റഫറൻസിൽ' താഴെപ്പറയുന്നവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(i) സ്വകാര്യസ്കൂളുകളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ റിക്രൂട്ട്മെന്റ്. നിയമനം എന്നിവയുമായി ബന്ധപ്പെട്ട നിലവിലുള്ള സംവിധാനങ്ങളിലെ പ്രശ്നങ്ങളെക്കുറിച്ച് ഉയർന്നുവന്നിട്ടുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത ജീവനക്കാരുടെ റിക്രൂട്ട്മെന്റിനായി കേരള നിയമനിർമ്മാണ സഭയ്ക്കു വിധേയമായതും ചട്ടപ്രകാരമുള്ളതുമായ ഒരു സ്വതന്ത്ര ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രായോഗികത പരിശോധിക്കുകയും ചെയ്യുക;

(ii) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ വിഭാഗം വിദ്യാലയങ്ങളിലെയും അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനയോഗ്യത, റിക്രൂട്ട്മെന്റിന്റെ രീതി, ഉദ്യോഗക്കയറ്റം എന്നിവ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട നിലവിലുള്ള നടപടിക്രമങ്ങൾ പുനഃപരിശോധിക്കുകയും അദ്ധ്യയനവ്യവസ്ഥയുടെ കാര്യക്ഷമത അഭിവൃദ്ധിപ്പെടുത്തുന്നതിനായി പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്യുക.

ഈ വിഷയങ്ങളിന്മേലുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം സർക്കാർ ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

---- ---- ----

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ- 416      11.07.2007-ൽ മറുപടിക്ക്

## എൻട്രൻസ് പരീക്ഷയിലെ റാങ്കിനോടൊപ്പം യോഗ്യതാ പരീക്ഷയിലെ മാർക്കും പരിഗണിക്കുവാൻ നടപടി

**ചോദ്യം**
ശ്രീ. കെ. സി. ജോസഫ്

**ഉത്തരം**
ശ്രീ. എം. എ. ബേബി,
വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശന യോഗ്യതയായ എൻട്രൻസ് പരീക്ഷയിലെ റാങ്കിനോടൊപ്പം യോഗ്യതാ പരീക്ഷയിലെ മാർക്ക് കൂടി കണക്കിലെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സർക്കാർ ക്വാട്ട സീറ്റുകളിലേക്ക് 2007 വർഷത്തെ പ്രവേശനത്തിന് വിദ്യാർത്ഥി പ്രവേശന പരീക്ഷയിൽ നേടിയ റാങ്ക് മാത്രമേ പരിഗണിക്കുകയുള്ളൂ. |
| ബി. | എൻട്രൻസ് കോച്ചിംഗ് സെന്ററുകളിലും മറ്റും വളരെയേറെ പണം ചെലവഴിച്ച് പഠിക്കുന്നവർക്കാണ് എൻട്രൻസ് പരീക്ഷയിൽ മികച്ച റാങ്ക് നേടാൻ കഴിയുന്നതെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | ഇത്തരം പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. എൻട്രൻസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വേണമെന്നുണ്ടോ എന്നു പരിശോധിക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| സി. | എൻട്രൻസ് പരീക്ഷയിൽ അയ്യായിരം റാങ്ക് വരെ നേടിയവരുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം സംബന്ധിച്ച് ഒരു സർവ്വേ നടത്തുവാൻ നടപടി സ്വീകരിക്കുമോ? | സി | അത്തരം ഒരു സർവ്വേയുടെ സാദ്ധ്യത പരിശോധിക്കുന്നുണ്ട്. |

Sanandan

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 417 — 11-07-2007-ൽ മറുപടിയ്ക്ക്

## സ്പോർട്സ് കൗൺസിൽ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ:<br>ശ്രീമതി.കെ.അരുന്ധതി:<br>ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ.പി.കൃഷ്ണപ്രസാദ്:<br>ശ്രീ.എം.ഹംസ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്സ് ക്വാട്ടയിൽ സ്കൂളുകളിലും കോളേജുകളിലും പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് സ്പോർട്സ് കൗൺസിൽ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (എ)<br>സ്പോർട്സ് ക്വാട്ടയിൽ സ്കൂളുകളിലും കോളേജുകളിലും, കൗൺസിൽ നേരിട്ടു നടത്തുന്ന കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളിലും, പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് കൗൺസിലിൽ നിന്നും ഭക്ഷണവും താമസ സൗകര്യവും നൽകുന്നു. പരിശീലകന്റെ സേവനവും, പരിശീലന ഉപകരണങ്ങളും നൽകുന്നു. കൂടാതെ പോക്കറ്റ് മണി ഇനത്തിൽ മാസം തോറും സ്കൂൾ കുട്ടികൾക്ക് 40 രൂപയും കോളേജ് തല കുട്ടികൾക്ക് 50 രൂപയും നൽകുന്നു. സ്കൂൾ അദ്ധ്യയന വർഷംവിദ്യാലയത്തിൽ എത്തുന്നതിന് യാത്രപ്പടി, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഒഴിവു സമയത്ത് വീട്ടിൽ പോയി വരുന്നതിനുള്ള യാത്രപ്പടിയും നൽകുന്നു. ഓണം, ക്രിസ്തുമസ്സ് എന്നിവ ഹോസ്റ്റലിൽ ആഘോഷിക്കുന്നതിന് 1000/- രൂപ വീതം ഹോസ്റ്റലിനും നൽകുന്നു. വിദഗ്ദ്ധ ഡോക്ടറെക്കൊണ്ട് കുട്ടികളെ പരിശോധിപ്പിക്കാറുമുണ്ട്. |
| (ബി)<br>ഇവർക്ക് അനുവദിച്ചിട്ടുള്ള ദിനബത്ത വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി)<br>കേന്ദ്രീകൃത ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് നൽകി വന്നിരുന്ന ദിന ബത്ത 50 രൂപയിൽ നിന്ന് 75 രൂപയായും മറ്റു കായിക ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് നൽകി വന്നിരുന്ന ദിനബത്ത 45 രൂപയിൽ നിന്നും 75 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി)<br>സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടുന്ന കുട്ടികൾക്കും അവരുടെ പരിശീലകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി)<br>പരിശോധിച്ചു വരുന്നു. |

S. Malathy

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 416     11.7.07 ൽ മറുപടിക്ക്.

### റീവാല്യുവേഷൻ നടപടി ക്രമങ്ങൾ

**ചോദ്യം**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ.ടി. ജലീൽ :
ശ്രീ. ബാബു.എം. പാലിശ്ശേരി :
ശ്രീമതി. പി. അയിഷാ പോറ്റി :

**ഉത്തരം**

ശ്രീ. എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക
കാര്യവും വകുപ്പു മന്ത്രി)

(എ) സർവ്വകലാശാലകൾ നടത്തുന്ന വിവിധ പരീക്ഷകളുടെ ഉത്തര കടലാസ് റീവാല്യു വേഷൻ നടത്തുന്നതിനുള്ള നടപടിക്രമം എന്താണ് ;

(എ) വിവിധ സർവ്വകലാശാലകളിൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് 10 മുതൽ 30 വരെയുള്ള ദിവസങ്ങൾക്കകം റീവാല്യുവേഷനുള്ള അപേക്ഷ നൽകേണ്ടതാണ്. എന്നാൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റ് ലഭിച്ച് 15 ദിവസത്തിനകം അപേക്ഷ നൽകണം. റീവാല്യുവേഷനിൽ ആദ്യ മാർക്കിനേക്കാൾ 5% കൂടുതൽ മാർക്ക് ലഭിച്ചാൽ അത് പരിഗണിക്കും. എന്നാൽ കേരള സർവ്വകലാശാലയിൽ 4%ഉം കൊച്ചി സർവ്വകലാശാലയിൽ 10%ഉം ആണ്.

(ബി) വിവിധ പരീക്ഷകളുടെ റീവാല്യു വേഷന് സർവ്വകലാശാലകൾ നിശ്ചയിച്ചിട്ടുള്ള ഫീസ് എത്ര വീതമാണ് ;

(ബി) കേരള സർവ്വകലാശാല - 126 രൂപ
കണ്ണൂർ സർവ്വകലാശാല - 200 രൂപ
ശ്രീ ശങ്കരാചാര്യ സർവ്വകലാശാല - 100 രൂ.

കോഴിക്കോട് സർവ്വകലാശാല - ഈ അധ്യയന വർഷം മുതൽ 225 രൂപ
മഹാത്മാഗാന്ധി സർവ്വകലാശാല - ബി.ടെക്, എം.ടെക് ബി.ഡി.എസ്. എം.ഡി.എസ്. എം.ബി.ബി.എസ്. എം.ഡി. ഡി.എം എന്നീ പരീക്ഷകളുടെ പേപ്പർ ഒന്നിന് 500 രൂപയും മറ്റ് പരീക്ഷകളുടെ പേപ്പറുകൾക്ക് 250 രൂപയുമാണ്.

കൊച്ചി സർവ്വകലാശാല - ബി.ടെക്, എൽ.എൽ.ബി എന്നിവയ്ക്ക് 275 രൂപ
എം.ബി.ബി.എസിന് 330 രൂപ

S.418

(സി) റീവാല്യുവേഷന്റെ ഫലം എത്ര ദിവസത്തിനകം ലഭ്യമാക്കണമെന്നാണ് വ്യവസ്ഥ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;

(സി) കൊച്ചി സർവ്വകലാശാലയിൽ 40ഉം, കേരള സർവ്വകലാശാലയിൽ 45ഉം, ദിവസത്തിനകം റീവാല്യുവേഷന്റെ ഫലം ലഭ്യമാക്കണമെന്നാണ് വ്യവസ്ഥ. മറ്റു സർവ്വകലാശാലകളിൽ അങ്ങനെ ഒരു വ്യവസ്ഥയില്ല.

(ഡി) റീവാല്യുവേഷൻ ഫലം ഉത്തരക്കടലാസ് പരിശോധിക്കാതെയാണ് നൽകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) റീവാല്യുവേഷൻ നടത്തിയ ഉത്തരക്കടലാസുകളുടെ കോപ്പി റീവാല്യുവേഷൻ ഫലത്തോടൊപ്പം അപേക്ഷകന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) ഇപ്പോൾ ഇതിനുള്ള വ്യവസ്ഥയില്ല.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.418 — 11.07.2007-ൽ മറുപടിക്ക്

## കാലവർഷക്കെടുതി നേരിടാൻ നടപടി സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.പി.പത്മനാഭൻ എം.എൽ.എ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ എം.എൽ.എ<br>ശ്രീ.കെ.കുഞ്ഞിരാമൻ എം.എൽ.എ<br>ശ്രീ.പി.കൃഷ്ണപ്രസാദ് എം.എൽ.എ<br>ശ്രീ.ജോർജ്ജ്.എം.തോമസ് എം.എൽ.എ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |

എ) ജൂൺ മാസത്തെ കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് എന്തു മാത്രം നാശ നഷ്ടങ്ങൾ ഉണ്ടായി; എത്ര പേർക്ക് ജീവഹാനി സംഭവിച്ചു; എത്ര പേർക്ക് പരിക്കേറ്റു;

എ) 2007 ജൂൺ മാസത്തിൽ ആരംഭിച്ച കാലവർഷക്കെടുതിയിൽ 9.07.07 വരെ ഏകദേശം 15,551.97 ഹെക്ടർ പ്രദേശത്ത് നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഏകദേശം ആയിരം കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. 108 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. പരിക്ക് പറ്റിയവരെക്കുറിച്ചുള്ള കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

ബി) കാലവർഷക്കെടുതി നേരിടാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

സി) നാശ നഷ്ടങ്ങൾ നേരിട്ടവർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്കും സഹായമെത്തിക്കാൻ സർക്കാർ എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചു;

ഡി) ദുരിതബാധിത പ്രദേശങ്ങളിൽ സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ടോ;

ബി) & സി) & ഡി) കാലവർഷക്കെടുതിയിൽ ദുരിത ബാധിതരായവരെ പുനരധിവസിപ്പിക്കുന്നതിന് ക്യാമ്പുകൾ തുറക്കുകയും ആഹാരം, വസ്ത്രം, കുടിവെള്ളം, ചികിത്സാ സഹായം എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്ക്, എ.പി.എൽ, ബി.പി.എൽ വിവേചനമില്ലാതെ സർക്കാർ സൗജന്യ റേഷൻ നൽകുകയുണ്ടായി. കാലവർഷക്കെടുതിയിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് / കുടുംബത്തിന് ധനസഹായം നൽകുന്നതിനും, വീട് നഷ്ടപ്പെട്ടവർക്ക് അത് പുനരുദ്ധരിക്കുന്നതിനും, കൃഷിനാശം സംഭവിച്ചവർക്ക് ധനസഹായം നൽകുന്നതിനും, ദുരിതബാധിത കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിനും മറ്റുമായി ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സാമ്പത്തിക വർഷം ഇതുവരെയായി 71,36,09,529 രൂപ അനുവദിച്ചിട്ടുണ്ട്.

പൂർണ്ണമായി തകർന്നു പോയതും ഭാഗികമായി തകർന്നു പോയതുമായ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും, കാലവർഷ

4190

ക്കെടുതിയിൽ കൃഷിനാശം സംഭവിച്ച മുഴുവൻ കർഷകർക്കും നോംസ് അനുസരിച്ചുള്ള നഷ്ടപരിഹാരം രണ്ടാഴ്ചക്കുള്ളിൽ വിതരണം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കാലവർഷത്തിൽ കേടുപറ്റിയ പാലക്കാട് അഗളിയിലെയും മലപ്പുറത്ത് നിലമ്പൂരിലെയും മൂന്ന് പാലങ്ങൾ റിപ്പയർ ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ കുടിവെള്ളത്തിനായുള്ള കിണറുകൾക്ക് തകരാറു സംഭവിച്ചത് പരിഹരിക്കാൻ ഓരോ ജില്ലക്കും അരലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയുടെ പ്രത്യേകമായ ആവശ്യം പരിഗണിച്ച് 26 സീറ്റുകളുള്ള മോട്ടോർ ബോട്ട് വാങ്ങുന്നതിന് 9 ലക്ഷവും 2 സ്പീഡ് ബോട്ടുകൾക്ക് 12 ലക്ഷവും 3 റബ്ബർ ബോട്ടുകൾക്ക് 18 ലക്ഷവും മറ്റ് ജീവൻ രക്ഷാ ഉപകരണങ്ങൾക്കായി 5 ലക്ഷവും ചേർത്ത് ആകെ 44 ലക്ഷം രൂപ ആലപ്പുഴ ജില്ലയ്ക്ക് പ്രത്യേകമായി അനുവദിച്ചു.

കാലവർഷക്കെടുതിയിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് അടിയന്തിര സഹായം നൽകുന്നതിന് ഈയിനത്തിൽ എല്ലാ ജില്ലകളിലും ഒരോ ലക്ഷം രൂപ മാറ്റിവെക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിന് ഏറ്റവും അപകട സാദ്ധ്യതയുള്ള 10 വീതം വില്ലേജുകൾക്ക് രക്ഷാ കിറ്റുകൾ വാങ്ങുന്നതിന് ആയിരം രൂപ വീതവും താലൂക്കുകൾക്ക് 5000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

നാശനഷ്ടങ്ങൾ കൃത്യമായി തിട്ടപ്പെടുത്തിയ ശേഷം കൂടുതൽ ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ഇ) കേന്ദ്രത്തിൽ നിന്നും ദുരിതാശ്വാസ സഹായം ലഭിക്കുന്നതിനായി അഭ്യർത്ഥിച്ചിട്ടുണ്ടോ; ഏങ്കിൽ എന്തു തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഇ) സംസ്ഥാനത്ത് ജൂൺ മാസത്തിലുണ്ടായ കാലവർഷക്കെടുതിയിൽ ഉണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കി കേന്ദ്രത്തിൽ നിന്നും പ്രത്യേക സഹായം ആവശ്യപ്പെടുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 1000 കോടി രൂപയുടെ നാശനഷ്ടങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുള്ളതായി ആദ്യ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നഷ്ടപരിഹാരത്തുക ലഭിക്കുന്നതിനായി കേന്ദ്ര സർക്കാ

ത്തിന്റെ മാനദണ്ഡത്തിനനുസൃതമായി 1000 കോടി രൂപയുടെ ധനസഹായമഭ്യർത്ഥിച്ചുകൊണ്ട് ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ജില്ലകളിലുണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ കണക്ക് തയ്യാറാക്കി വരുന്നു. ഇതുവരെ കേന്ദ്രത്തിൽ നിന്നും കാലവർഷക്കെടുതിയ്ക്ക് പ്രത്യേക ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 420

11-7-2007-ൽ മറുപടിക്ക്

## അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. എം. എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) അംഗീകൃത അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകർക്ക് മിനിമം ശമ്പളം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് നിലവിലുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷൻ നടത്തിയ അന്വേഷണത്തെ തുടർന്ന് സ്വകാര്യ സ്കൂളുകളിൽ സർക്കാർ സമിതി മിന്നൽ പരിശോധന നടത്തണമെന്ന് കമ്മീഷൻ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;<br>(സി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) & (സി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ അഫിലിയേഷൻ ബൈലാ അനുസരിച്ചുള്ള നിബന്ധനകൾ സിബിഎസ്ഇ സ്കൂളുകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ സംസ്ഥാന സർക്കാർ എല്ലാ സിബിഎസ്ഇ സ്കൂളുകളിലും പരിശോധന നടത്തണമെന്നും അദ്ധ്യാപകരുടെയും മറ്റ് സ്റ്റാഫിന്റെയും പരാതികൾ കേൾക്കുന്നതിന് സർക്കാർ കമ്മിറ്റി രൂപീകരിക്കണമെന്നുമുള്ള മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) ഈ മേഖലയിൽ പി.എഫ്. അക്കൗണ്ട് തുടങ്ങാത്തതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

S.420

GOVERNMENT OF KERALA

Abstract

General Education - Recognised unaided schools - salary to employees - Payment - fixed - Orders issued.

---

GENERAL EDUCATION ( J) DEPARTMENT

G.O.(MS)244/99/G.Edn. Dated, Thiruvananthapuram, 30.9.1999.

---

## ORDER

It has been represented to the Government by the employees of Recognised Unaided Schools that they are being under paid by the management. Accordingly Government have convened meetings with the representatives of the employees of recognised unaided schools and with the representatives of management. The representatives of employees urged Government parity in wages and service conditions with their counterparts in the aided sector. In the meeting the representatives of the Managers assured Government that they are prepared to allow near parity in salary to the employees provided they are permitted to enhance the rate of fee of students.

2. The Committee constituted by Government to study and recomend the service conditions of unaided recognised schools have in its report recommended to allow salary to the employees at par with the Government employees and to pay the salary by cheque etc.

3. Government have examined the matter in detail and are pleased to order that the managers of Recognised unaided schools shall pay salary to their employees not below the monthly rates specific below:

| Designation | Minimum monthly rate of pay |
|---|---|
| Headmaster | : Rs.3000/- + Rs.200/- as supervision allowan |
| High School Asst. | : Rs.3000/- |
| Primary teacher | : Rs.2500/- |
| Clerk | : Rs.2000/- |
| Peon/class IV employees | : Rs.1800/- |

4. Government further order that the teaching and non-teaching staff of recognised unaided school shall be paid salary every month by cheques drawn on management's accounts in Nationalised or Scheduled Banks.

5. Seperate notification will be issued in the matter of revision of fees of pupils of recognised unaided schools.

By Order of the Governor,

K. JAYAKUMAR,
Secretary to Government.

/True copy/

Section Officer.